KOTTAYAM PUBLIC LIBRARY

Call No. MF5 BAL - O Acc.No. 52007

Author ബാലകൃഷ്ണപിള്ള. എ

Title ഓമനകൾ

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

# ഓമനകൾ

(Malayalam)

# Omanakal

Novel

**By A. BALAKRISHNA PILLAI B. A., B. L.**

First Published 1945
Reprinted September 1954, June 1958,
February 1963, November 1971, February 1979

PRINTED AT P. C. PRESS, KOTTAYAM

Price Rs. 2·00

Published by P. C. Koruthu

Distributors
NATIONAL BOOK STALL
KOTTAYAM - TRIVANDRUM - ERNAKULAM - CANNANORE
TRICHUR - PALGHAT - QUILON - KOZHIKODE - ALLEPPEY

# ഓമനകൾ

KOTTAYAM PUBLIC LIBRARY
KOTTAYAM.
52007

പരിഭാഷകൻ

എ. ബാലകൃഷ്ണപിള്ള

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 2.00

## എ. ബാലകൃഷ്ണപിള്ളയുടെ കൃതികൾ

| | |
|---|---|
| ഓമനകൾ | (തർജ്ജമ) |
| കാർമെൻ | ,, |
| ഒരു സ്ത്രീയുടെ ജീവിതം | ,, |
| മോപ്പസാങ്ങിൻെറ ചെറുകഥകൾ | ,, |
| ഒമ്പതു ഫ്രഞ്ചുകഥകൾ | ,, |
| ആപ്പിൾ പൂമൊട്ട് | ,, |
| കാമുകൻ | ,, |
| നോവൽപ്രസ്ഥാനങ്ങൾ | |
| ഹർഷവർദ്ധനൻ | |
| രൂപമഞ്ജരി | |
| രാജരാജീയം | |

6–1000

# മുഖവുര

ലൂജി പിറാന്റെല്ലൊ എഴുതിയ കഥയാണിതു്. ലൂജി പിറാന്റെല്ലൊ (1867—1936) 1934-ലെ നോബൽസമ്മാനം നേടിയ ഒരു സുപ്രസിദ്ധ ഇത്താലിയൻ സാഹിത്യകാരനാണു്. ആധുനിക ഇത്താലിയൻ സാഹിത്യത്തിൽ പരാജയ (റീയലിസ്റ്റു്) പ്രസ്ഥാനം സ്ഥാപിച്ച ജിയോവാന്നി വെർഗ്ഗയെപ്പോലെ ഇദ്ദേഹവും സിസിലിയിലാണു ജനിച്ചതു്. ഒരു പരാജയപ്രസ്ഥാന സാഹിത്യകാരനായ പിറാന്റെല്ലൊ ചെറുകഥകളും, നോവലുകളും, നാടകങ്ങളും രചിച്ചിരുന്നുവെങ്കിലും, ''ഒരു സാഹിത്യകാരനെ തേടിപ്പോയ ആറു കഥാപാത്രങ്ങൾ'' എന്ന നാടകം മുഖേനയാണു് ഇദ്ദേഹം വിശ്വസാഹിത്യത്തിൽ പ്രസിദ്ധി നേടിയതു്. സാഹിത്യത്തിലെ കഥാപാത്രങ്ങൾ മാത്രമല്ല, ജീവിക്കുന്ന മനുഷ്യർകൂടി, തങ്ങൾ നിമിഷംപ്രതി പരിവർത്തിച്ചുകൊണ്ടിരിക്കുന്നവരല്ലെന്നുള്ള ഒരു മായാബോധസഹിതമാണു ജീവിതം നയിക്കുന്നതെന്നും, ഇങ്ങനെ ചെയ്യാതെ യഥാർത്ഥത്തിൽ ഏകാകിയായ ഒരു മനുഷ്യനു ഗത്യന്തരമില്ലെന്നും, പ്രസ്തുത ബോധത്തിൻെറ മായാസ്വഭാവം മനസ്സിലാക്കുന്നതു മരണതുല്യമാണെന്നുമാണു് ഇദ്ദേഹത്തിൻെറ കൃതികളിലെല്ലാം പൊന്തിനിൽക്കുന്ന മൗലികതത്വം. ഈ കഥയിലും ഏറെക്കുറെ ഈ തത്വം നിഴലിച്ചുകാണാം.

ഏ. ബാലകൃഷ്ണപിള്ള.

# 1

''വാട്ടർലോ? ദൈവമേ! നീ, വാട്ടർലൂ എന്നതിനു പകരം അതിനെ വാട്ടർലോ എന്നാണോ ഉച്ചരിക്കുന്നതു്?''

''അതേ, സാറെ. സെൻറ് ഹെലിന കഴിഞ്ഞു്''

''കഴിഞ്ഞോ? നീ എന്തിനെപ്പററിയാണു പറയുന്നതു്? സെൻറ് ഹെലിനയ്ക്കും അതിനും തമ്മിൽ ബന്ധമെന്തു്?''

''അതേ, എൽബാ ദ്വീപു്''

''എൽബാദ്വീപു്! പോട്ടെ, ബ്രെയി. പെട്ടെന്നു് ഒരു ചരിത്രപാഠം പഠിക്കാമെന്നു നീ വിചാരിക്കുന്നുണ്ടോ? അവിടെ ഇരിക്കൂ.''

ഭയപ്പെട്ടു വിളർച്ച പൂണ്ടു സീസറിനോ ബ്രെയി ഇരുന്നു. ആ പ്രൊഫസ്സർ അസ്വാസ്ഥ്യപൂർവ്വം അവനെ സൂക്ഷിച്ചുനോക്കി. നാഷണൽ അക്കാഡമി എന്ന സ്കൂളിൽ താമസിച്ചു പഠിക്കുന്ന ഒരു വിദ്യാർത്ഥിയായി രണ്ടു വർഷത്തിനു മുമ്പു ചേർന്നതു മുതൽക്കു പഠിത്തത്തിനുള്ള പരിശ്രമത്തിനും ഉൽസാഹത്തിനും പ്രശംസ നേടിയിരുന്ന ആ ബാലൻെറ ഇപ്പോഴുള്ള സ്ഥിതി നോക്കുക! നെപ്പോളിയൻ ബോണപ്പാർട്ടിനെ വാട്ടർലൂ യുദ്ധത്തിൽവച്ചു തോൽപ്പിക്കുന്നതിനുള്ള യഥാർത്ഥ കാരണങ്ങൾ മനസ്സിലാക്കുവാൻ പോലും അവനു സാധിച്ചില്ല.

അവനു് എന്തുപററി? സീസറിനോവിനുപോലും അതിനുള്ള കാരണങ്ങൾ കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. അനേകം മണിക്കൂർനേരം അടുപ്പിച്ചു ബുക്കുതുറന്നുവച്ചു തൻെറ കനത്ത മൂക്കുകണ്ണാടിയിൽകൂടി അതിൽ

നോക്കിക്കൊണ്ടിരുന്നുവെങ്കിലും, സങ്കുലങ്ങളായ പുതിയ വിചാരങ്ങഠം നിമിത്തം വ്യതിചലിച്ച തൻെറ ശ്രദ്ധ അതിൽ കേന്ദ്രീകരിക്കുവാൻ അവനു സാധിക്കാതെവന്നു. അക്കാഡമിയിൽ പ്രവേശിച്ചതിനുശേഷമാണു് അവനു് ഇങ്ങനെയുള്ള മാററം സംഭവിച്ചതെന്നു് പ്രൊഫസർമാർ വിചാരിച്ചിരുന്നു. പക്ഷെ അതിനു കുറേ മുമ്പുതന്നെ അവനെ ഈ അസ്വാസ്ഥത പിടികൂടിയിരുന്നു. വാസ്തവത്തിൽ, ഈ വിചാരങ്ങളും, ചില വിശേഷബോധങ്ങളും തന്നിൽ ജനിച്ചിരുന്നതു മൂലമാണു് അവൻ, തന്നെ അക്കാഡമിയിൽ അയക്കണമെന്നുള്ള തൻെറ മാതാവിൻെറ ആഗ്രഹത്തിനു് വഴിപ്പെട്ടതു്.

മാതാവു് അവൻെറ മുഖത്തു നോക്കാതെ പറഞ്ഞു:– ''സീസർ, നിനക്കു് ഇപ്പോഴത്തേതിൽനിന്നു് വ്യത്യാസപ്പെട്ട ഒരു ജീവിതരീതിയാണു് വേണ്ടതു്. നിൻെറ പ്രായത്തിലുള്ള ബാലന്മാരുടെ സഹവാസം നിനക്കു് അത്യാവശ്യമാണു്. നിൻെറ പഠിത്തത്തിൽ മാത്രമല്ല. നിൻെറ വിനോദങ്ങളിലും കൂടി ഒരു ചിട്ടയും മുറയും ഉണ്ടായേ മതിയാവൂ. നിനക്കു വിരോധമില്ലെങ്കിൽ, നിൻെറ പ്രിപ്പാരററി കോഴ്സിൻെറ ഈ ഒടുവിലത്തെ വർഷം കഴിഞ്ഞു നിന്നെ അക്കാഡമിയിലേക്കു് അയക്കാം. നിനക്കതിനുവിരോധമുണ്ടോ? '

ആലോചിക്കുവാൻ സമയമെടുക്കാതെ, ''വിരോധമില്ല'' എന്നു് അവൻ ബദ്ധപ്പെട്ടു പറഞ്ഞു. കഴിഞ്ഞ കുറെ മാസങ്ങളായി തൻെറ മാതാവിൻെറ ദർശനം അവനിൽ വ്യാകുലത ജനിപ്പിച്ചിരുന്നു. അവൻ ഒരു ഏകപുത്രനാണു്. തൻെറ പിതാവിനെപ്പററി അവൻ ഒന്നും അറിഞ്ഞിരുന്നില്ല. മാതാവിൻെറ യൗവ്വനകാലം കഴിഞ്ഞിട്ടില്ലെന്നു പറയാവുന്നതുകൊണ്ടു് തൻെറ പിതാവു ചെറുപ്പത്തിൽ തന്നെ മരിച്ചിരുന്നിരിക്കണം. മാതാവിനു് ഇപ്പോഠം മുപ്പത്തിയേഴവയസ്സു്, പ്രായമേയു

ള്ള. അവന്ന പതിനേഴ വയസ്സു കഴിഞ്ഞിരുന്നു. ഈ പ്രായത്തിലാണു് മാതാവിൻെറ വിവാഹം നടന്നതും. ഈ കണക്കുകഠ പിന്നെയും പിന്നെയും അവൻെറ മനസ്സിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു.

തൻെറ മാതാവിന്നു് ചെറുപ്പമാണെന്നുള്ളതും, അവഠ പതിനെട്ടാം വയസ്സിൽ കല്യാണം കഴിച്ചുവെന്നുള്ളതും, അവൻെറ പിതാവു വളരെ ചെറുപ്പത്തിൽ മരിച്ചു എന്നു് അവശ്യാവശ്യം സ്ഥാപിക്കുന്നതല്ലല്ലോ. മാതാവു്, അവളേക്കാഠ വളരെ അധികം പ്രായമുള്ള ഒരുത്തനെ വിവാഹം ചെയ്തു എന്നു വരാവുന്നതാണു്. സീസർക്കു് ഭാവനാശക്തി തുലോം കുറഞ്ഞിരുന്നു. ഇതിനെയും മററു പല സംഗതികളെയും കുറിച്ചു് അവൻ ചിന്തിച്ചതേയില്ല. കൂടാതെ, അവൻെറ ഭവനത്തിൽ പിതാവിൻെറ ഛായാപടമോ, പിതാവുണ്ടായിരുന്നു എന്നുള്ളതിന്നു മററുവല്ല ലക്ഷ്യമോ ഉണ്ടായിരുന്നില്ല. പിതാവിനെക്കുറിച്ചു മാതാവു് അവനോടു സംരിച്ചിരുന്നില്ല. പിതാവിനെപ്പററിയുള്ള വിവരങ്ങഠ കണ്ടുപിടിക്കണമെന്നു് അവൻ വിചാരിച്ചിരുന്നതല്ല. പിതാവിൻെറ പേരു് തൻേറതുപോലെ സീസർ എന്നായിരുന്നു എന്നു മാത്രമേ അവൻ അറിഞ്ഞിരുന്നുള്ളു. "സീസറിനോ ബ്രെയി, പരേതനായ സീസർ ബ്രെയിയുടെ പുത്രൻ- ജനനസ്ഥലം മിലാൻ" എന്നിത്യാദി വിവരങ്ങഠ തൻെറ സ്കൂഠ സർട്ടിഫിക്കെററിൽ എഴുതിയിരുന്നതു നിമിത്തമത്രെ അവൻ ഇതു് അറിഞ്ഞതും. അവൻെറ ജനനസ്ഥലമായ മിലാൻ നഗരത്തെക്കുറിച്ചു് അവന്നു് ഒരു ബന്ധവുമുണ്ടായിരുന്നില്ല. അവിടെ ഒരു ഭദ്രാസനപ്പള്ളിയും, വിക്ടോറിയ എമ്മാനുവൽ ഗാലറിയും, 'മിലാനീസ് ബൺസ്' എന്നുപേരുള്ള റൊട്ടികളും ഉണ്ടെന്നു മാത്രം അവൻ അറിഞ്ഞിരുന്നു. ഭർത്തൃമരണവും, പുത്രജനനവും കഴിഞ്ഞയുടനെ

തന്നെ അവൻെറ മാതാവു് റോമാനഗരത്തിൽ സ്ഥി രമായി പാൎത്തുതുടങ്ങുകയും ചെയ്തിരുന്നു.

അതിനെപ്പററി ചിന്തിച്ചപ്പോഠം, തൻെറ മാതാവിനെപ്പോലും താനറിഞ്ഞിരുന്നില്ലെന്നു് അവനുതോന്നി. മിക്ക ദിവസങ്ങളിലും പകൽ സമയത്തു് താൻ അവളെ കണ്ടിരുന്നില്ല. വാണിജ്യസ്കൂളിൽ ഭ്രഞ്ചായിങ്ങും ചിത്രത്തയ്യലും പഠിപ്പിച്ചിരുന്ന അവഠം, രാവിലേമുതൽ ഉച്ചയ്ക്കു രണ്ടുമണിവരെ സ്കൂളിൽ ജോലി ചെയ്തുവന്നിരുന്നു. അതിനുശേഷം രാത്രി ആറു്, ഏഴു്, ചിലപ്പോഠം എട്ടു്, മണിവരെ അവഠം ഫ്റഞ്ചുഭാഷയും, പിയാനോവായനയും, പ്രൈവററായി പഠിപ്പിക്കുന്നതിനുവേണ്ടി പലയിടങ്ങളിലും സഞ്ചരിച്ചിരുന്നു. ക്ഷീണിച്ചാണു് അവഠം വീട്ടിലേയ്ക്കു തിരിച്ചു വന്നിരുന്നതു്, അത്താഴത്തിനു മുമ്പുള്ള സ്വൽപസമയത്തു് അവഠംക്കു് മററു പല കാൎയ്യങ്ങളെക്കുറിച്ചു് അന്വേഷിക്കുകയും, വേലക്കാരിക്കു ചെയ്യുവാൻ കഴിയാത്ത ജോലി ചെയ്യുകയും ചെയ്യേണ്ടിവന്നിരുന്നു. അത്താഴം കഴിഞ്ഞാലുടനെ തൻെറ പ്രൈവററു ശിഷ്യകളുടെ എക്സർസൈസ് ബുക്കുകഠം അവഠം തിരുത്തിയിരുന്നു. ആ ഭവനത്തിലെ മാന്യ രീതിയിലുള്ള വീട്ടുസാമാനങ്ങളും, വേണ്ട വസ്ത്രങ്ങളും. കലവറ നിറച്ചുള്ള ആഹാരസാധനങ്ങളും, ഈ അക്ഷീണ പരിശ്രമിയായ മാതാവിൻെറ നിരന്തര പ്രയത്നം കൊണ്ടാണുണ്ടായതു്. പക്ഷെ, ആ വീട്ടിൽ എന്തു പ്രസന്നതക്കുറവു്! എന്തു നിശ്ശബ്ദത!

അക്കാഡമിയിൽവച്ചു് തൻെറ ഗൃഹജീവിതത്തെപ്പററി ചിന്തിച്ചപ്പോഠം. സീസറിനോയുടെ ഹൃദയത്തിനു വേദന തോന്നി. അവിടെ പാൎത്തിരുന്നപ്പോഠം വളരെ ആഡംബരപൂൎവ്വം അലങ്കരിച്ചിരുന്ന അപ്രസന്നമായ ഭക്ഷണമുറിയിലിരുന്നു് അവൻ ലഘുഭക്ഷ

ണം കഴിച്ചിരുന്നു. അപ്പോഠം തന്റെ മുമ്പിൽ ഒരു ബുക്ക് തുറന്നിട്ടിരിക്കും. പഴയ വാൽനട്ട് തടികൊണ്ടുള്ള മേശയുടെ മുകളിൽ വിരിച്ചിരുന്ന ചതുരമായ വെള്ളവിരിപ്പിനു മീതെയിരുന്നിരുന്ന പച്ചവെള്ളം നിറച്ച കുപ്പിയിലാണു് താൻ ആ ബുക്ക് ചാരിവയ്ക്കാറുള്ളതു്. ലഘുഭക്ഷണാനന്തരം അവൻ തന്റെ വായനമുറിയിൽ പോയി പഠിച്ചുകൊണ്ടിരിക്കും. രാത്രിയിൽ അത്താഴത്തിനു വിളിക്കുമ്പോഠം, ഭഗ്നക്രമമായി മന്ദീഭവിച്ച തലയോടുകൂടി തന്റെ മൂക്കുകണ്ണാടിയിൽകൂടി തുറിച്ചുനോക്കിക്കൊണ്ടു് അവൻ പുറത്തുവന്നിരുന്നു. അമ്മയും മകനും ഒരുമിച്ചു് അത്താഴം കഴിക്കുമ്പോഠം, അവർ തമ്മിൽ ഒന്നു രണ്ടു വാക്കു് സംസാരിക്കും. സ്കൂഠം വിശേഷങ്ങഠം എന്തെല്ലാമാണെന്നും അവൻ പകലെല്ലാം എന്തു ചെയ്തിരുന്നു എന്നുമായിരിക്കും മാതാവിന്റെ ചോദ്യങ്ങഠം. ഒരു ബാലനു ചേരാത്തതായ അവന്റെ ജീവിതരീതിയെപ്പററി അവഠം പലപ്പോഴും ആക്ഷേപിക്കുകയും, പകൽസമയത്തു ധാരാളമായി വെളിയിൽ ഇറങ്ങി സഞ്ചരിക്കുവാനും ഉൽസാഹം പ്രദർശിപ്പിക്കുവാനും, അവനോടുപദേശിക്കുകയും ചെയ്തിരുന്നു. പഠിത്തം വേണ്ടതുതന്നെ. പക്ഷെ, വിശ്രമവും, വിനോദവും കൂടി അത്യാവശ്യമാണു്. അവനു ക്ഷീണവും, വിളർച്ചയും വിശപ്പില്ലായ്മയുമുള്ളതു കണ്ടു് തനിക്കു് വ്യസനമുണ്ടെന്നും അവഠം പറയാറുണ്ടായിരുന്നു. അൽപവാക്കുകളിൽ അവൻ മറുപടി പറയും. എല്ലാം ചെയ്യാമെന്നു്, ഉൽസാഹശൂന്യനായി അവൻ ഏൽക്കും. വേഗം കിടന്നുറങ്ങുവാനായി, അത്താഴം കഴിക്കുന്നതിനു് അവൻ അക്ഷമനായി കാത്തിരിക്കും. പതിവായി അവൻ അതിരാവിലെ ഉറക്കമുണർന്നെഴുന്നേൽക്കുകയും ചെയ്തിരുന്നു.

ഇങ്ങനെ ഏകനായി വളർന്നുവന്നതിനാൽ, അവനു മാതാവിനോടു് അടുപ്പമുണ്ടായിരുന്നില്ല. തന്നിൽനിന്നു

വളരെ വ്യത്യാസപ്പെട്ട ഒരുത്തിയാണ് അവരം എന്ന് അവൻ ധരിച്ചിരുന്നു. അവരംക്ക് ഉൽസാഹവും, കർമ്മോദ്യുക്തതയും, സ്വാശ്രയശക്തിയുമുണ്ട്. ഒരുപക്ഷേ, താൻ പിതാവിനെപ്പോലെയുള്ളവനായിരിക്കാം. പിതാവിൻെറ അഭാവം അവനെ മാതാവിൽനിന്ന് അകററുകയാണ് ചെയ്തിരുന്നത്. കാലം ചെല്ലുന്തോറും ഈ അകൽച്ച വർദ്ധിച്ചു വന്നിരുന്നു. മാതാവ് തൻെറ സമീപത്തുണ്ടായിരുന്നുവെങ്കിലും, അവരം വളരെ ദൂരെ നിവസിക്കുന്നതുപോലെ അവനു തോന്നി. ഒരിക്കൽ തൻെറ രണ്ടു സതീർത്ഥ്യരുമായി ഉണ്ടായ സംഭാഷണത്തിൻെറ ഫലമായി ബാല്യസഹജമായ മായായവനികകരം മാററുകയും, താൻ അതേവരെ അറിയാതിരുന്ന ജീവിതത്തിലെ ലജ്ജാകരങ്ങളായ രഹസ്യങ്ങരം അറിയുകയും ചെയ്തപ്പോരം, മാതാവിനും തനിക്കും തമ്മിലുള്ള അകൽച്ചയുടെ ബോധം അസ്വാസ്ഥ്യകരമായ രീതിയിൽ അവനിൽ വർദ്ധിക്കുകയുണ്ടായി. മാതാവ് തന്നിൽനിന്നും പൂർവ്വാധികം ദൂരത്തായിയെന്ന് അവനു തോന്നി. അക്കാഡമിയിലേക്കുപോകുന്നതിനു് അൽപം മുമ്പ് മാതാവ് ദിവസം പ്രതി രാവും പകലും ഇടവിടാതെ ജോലിചെയ്തിരുന്നുവെങ്കിലും, അവളുടെ അതിസൗന്ദര്യത്തിനു് യാതൊരുകുറവും വന്നിരുന്നില്ല എന്നുള്ള വസ്തുത അവൻ അറിഞ്ഞിരുന്നു. ഈ സൗന്ദര്യം നശിക്കാതിരിക്കുവാൻ വേണ്ടി അവരം പ്രത്യേകം സൂക്ഷിച്ചു പെരുമാറിയിരുന്നതും അവൻ കാണാതിരുന്നില്ല. തലമുടി കോതി മിനുക്കുന്നതിനു് അവരം ദിവസവും രാവിലെ വളരെ സമയം ചെലവാക്കിയിരുന്നു. ഒരു കുലീനയുടെ ആഡംബരശൂന്യതയോടും, അസാധാരണമായ ലാളിത്യത്തോടും കൂടിയാണ് അവരം വസ്ത്രം ധരിച്ചിരുന്നത്. അവരം ഉപയോഗിച്ച പരിമളങ്ങരം അവനിൽ കോപം ജനിപ്പിക്കുകയും ചെയ്തിരുന്നു.

മാതാവിനോടുള്ള ഈ വിശേഷമനസ്ഥിതിയിൽ നിന്നു് രക്ഷപ്പെടുവാനാണു് അക്കാഡമിയിൽ ചേരണമെന്നുള്ള അവളുടെ ഉപദേശത്തെ അവൻ ഉടനടി സ്വീകരിച്ചതു്. അവഠം അതു കണ്ടുപിടിച്ചിരുന്നോ? ഇങ്ങനെ ഉപദേശിക്കുന്നതിനു് അവളെ പ്രേരിപ്പിച്ച കാരണമെന്തു്? ഇതിനെപ്പററി സീസറിനോ ഇപ്പോഠം ചിന്തിച്ചു. ശൈശവംമുതൽക്കു് അവൻ മര്യാദക്കാരനും പരിശ്രമശീലനുമായ ഒരു ബാലനായിരുന്നു. മററാരാളുടെ മേൽനോട്ടം കൂടാതെതന്നെ അവൻ തൻെറ കത്തവ്യം നിറവേററിവന്നു. കൃശശരീരനാണെങ്കിലും, അവനെ അനാരോഗ്യം ബാധിച്ചിരുന്നില്ല. തന്നിൽ ലജ്ജയും പശ്ചാത്താപവും ജനിപ്പിച്ച ചില വിചാരങ്ങളിൽ നിന്നു് രക്ഷപ്പെടാൻ അവനു് തന്നോടുതന്നെ പോരാടേണ്ടിവന്നു. പ്രത്യേകിച്ചു് മാതാവിനു് അപ്പോഠം സുഖമില്ലാതെയിരുന്നതിനാൽ, അവൻ ഇതിൽ ഭഗീരഥപ്രയത്നം ചെയ്യുകയും ചെയ്തു. ഞായറാഴ്ചതോറും അക്കാഡമിയിൽ തന്നെ വന്നുകാണുന്ന പതിവു് കുറേ മാസങ്ങളായി മാതാവു നിത്തിയിരുന്നു. അവഠം വന്ന ഒടുവിലത്തെ ദിവസം തനിക്കു് സുഖമില്ലെന്നു് അവഠം പറഞ്ഞിരുന്നു. പണ്ടേപ്പോലെ അവഠംക്കു് ആരോഗ്യമില്ലെന്നും അവനുതോന്നി. അവളുടെ വേഷത്തിലും പതിവില്ലാത്തതായ ഒരു സൂക്ഷ്മക്കുറവു് അവൻ കാണുകയുണ്ടായി- ഈ കാര്യത്തിലുള്ള അവളുടെ നിഷ്ക്കർഷം മുമ്പു തന്നിൽ അങ്കുരിപ്പിച്ച ദുർവിചാരങ്ങളെപ്പററി, ഇപ്പോഴത്തെ സൂക്ഷ്മക്കുറവു് അവനിൽ പശ്ചാത്താപം ഉളവാക്കുകയും ചെയ്തു.

വല്ലതും ആവശ്യമുണ്ടോ എന്നന്വേഷിച്ചു് മാതാവു് തനിക്കു് ഇടയ്ക്കിടെ അയച്ചുകൊണ്ടിരുന്ന കത്തുകളിൽനിന്നു് അവഠം അത്യദ്ധ്വാനം ചെയ്തുവന്നതു് മതിയാക്കി ദീർഘകാലം സ്വസ്ഥമായിരിക്കണമെന്നും

വീട്ടിനു പുറത്തിറങ്ങരുതെന്നും ഡോക്ടർ അവളോട്ട് ഉപദേശിച്ചു എന്നു് സീസറിനോ മനസ്സിലാക്കി. രോഗം സാരമില്ലെന്നും, തൻെറ നിർദ്ദേശങ്ങഠ അനുസരിച്ചു പ്രവത്തിച്ചാൽ അതു കുറയുമെന്നും ഡോക്ടർ അവളോടു പറഞ്ഞിരുന്നതും അവൻ അറിഞ്ഞിരുന്നു. പക്ഷെ രോഗശമനകാലം നീണ്ടു നീണ്ടുപോയി. സീസറിനോവിനു് അസ്വാസ്ഥ്യം വർദ്ധിച്ചുവന്നു. സ്കൂഠ വർഷം അവസാനിക്കുന്നതുവരെ ക്ഷമിച്ചിരിക്കുവാൻ അവനു മനസ്സുവന്നില്ല,

നെപ്പോളിയൻ ബോണപ്പാർട്ടിനെ വാട്ടർലൂയിൽ വച്ചു് തോൽപിച്ചതിനുള്ള യഥാർത്ഥ കാരണങ്ങഠ ചരിത്രപ്രഫസ്സർ പറഞ്ഞുകൊടുത്തതു് അവൻെറ തലയിൽ കയറാതെയിരുന്നതു കണ്ടു് ഈ സംഗതികളെല്ലാം അറിയുന്നവർ ആശ്ചര്യപ്പെടുകയില്ലല്ലൊ.

## 2

അന്നു് സീസറിനോ സവാരി കഴിഞ്ഞു് അക്കാഡമിയിലേക്കു തിരിച്ചു ചെന്നപ്പോഠ, അവനെ പ്രിൻസിപ്പാഠ ആളയച്ചു വിളിച്ചു. തൻെറ അതൃപ്തികരമായ പഠിത്തത്തെപ്പററി ശാസിക്കാനാണു് പ്രിൻസിപ്പാഠ വിളിച്ചതെന്നു് അവൻ വിചാരിച്ചു. പക്ഷെ അതിനുപകരം അദ്ദേഹം അവനോടു് വളരെ ദയവോടും. സ്നേഹത്തോടും പ്രത്യക്ഷമായ അസ്വാസ്ഥ്യപ്രകടനത്തോടും കൂടിയാണു് പെരുമാറിയതു്.

പ്രിൻസിപ്പാഠ (അവൻെറ തോളിൽ കൈവച്ചു കൊണ്ടു്) പറഞ്ഞു:—''ബ്രെയി നിൻെറ അമ്മ—''

സീസറിനോ—''അവർക്കു് സുഖക്കേടു കൂടുതലാണോ?''

അവൻ ഭയന്നു് അദ്ദേഹത്തിൻെറ മുഖത്തു സൂക്ഷി ച്ചുനോക്കി. തൻെറ കൈയിലുണ്ടായിരുന്ന തൊപ്പി അവനറിയാതെ നിലത്തു വീണുപോയി.

പ്രിൻസിപ്പാഠം–''അതേ, എൻെറ കുഞ്ഞേ, അ ധികമാണെന്നു തോന്നുന്നു. നീ ഇപ്പോഠം തന്നെ വീട്ടി ലേക്കു പോകണം.''

തനിക്കു് നാക്കുകൊണ്ടു ചോദിക്കുവാൻ കഴിയാ തെവന്ന ഒരു ചോദ്യം നേത്രങ്ങഠംകൊണ്ടു് ചോദിക്കു ന്നതിനായി അവൻ അദ്ദേഹത്തിൻെറ മുഖത്തു നോക്കി.

പ്രിൻസിപ്പാഠം (അതു മനസ്സിലാക്കിക്കൊണ്ടു്)– ''എനിക്കു് അറിഞ്ഞുകൂടാ. നിൻെറ വീട്ടിൽ നിന്നു്, നിന്നെ വിളിച്ചുകൊണ്ടു പോകുന്നതിനു്, ഒരു സ്ത്രീ കു റേ മുമ്പു് ഇവിടെ വന്നിരുന്നു. ധൈര്യമവലംബിക്ക ണം, കുഞ്ഞേ, നീ പൊയ്ക്കൊള്ളൂ. സ്കൂളിലെ പ്രേഫ ക്ടിനെ നിന്നോടുകൂടി അയയ്ക്കാം.''

സംഭ്രമസഹിതം സീസറിനോ പ്രിൻസിപ്പാളിൻെറ മുറിയിൽ നിന്നു് പുറത്തിറങ്ങി. താൻ എന്തു ചെയ്യ ണമെന്നും, വീട്ടിൽ ചെല്ലുവാൻ എവിടേയ്ക്കു പോ കണമെന്നും അവനു് അറിയാൻപാടില്ലായിരുന്നു. പ്രേ ഫെക്ററ് എവിടെ? തൻെറ തൊപ്പിയെവിടെ? പ്രിൻസിപ്പാഠം തൊപ്പിയെടുത്തു് അവൻെറ കൈയിൽ കൊടുത്തു. വേണ്ടിവന്നാൽ അന്നു മുഴുവനും അവനെ വിട്ടുപിരിയരുതെന്നു് അദ്ദേഹം പ്രേഫെക്ടിനോടു് ആജ്ഞാപിക്കുകയും ചെയ്തു.

തൻെറ വീടു് സ്ഥിതിചെയ്തിരുന്ന ഫിനാൻഡോ തെരുവിലേക്കു് അവൻ ഓടിപ്പോയി. അവിടെ എ ത്തുന്നതിനു് മുമ്പു് അതിൻെറ വലിയ പടിവാതിൽ തുറന്നുകിടക്കുന്നതു് അവൻ കണ്ടു. അവൻെറ കാൽ കുഴ ഞ്ഞു. ''ധൈര്യമവലംബിക്കണം'' എന്നു് പ്രേഫെ ക്ടു് ഉപദേശിച്ചു. മരണംബലാൽക്കാരമായി അവിടെ

പ്രവേശിച്ചിരുന്നതുപോലെ, ആ ഭവനം മുഴുവനും അലങ്കോലപ്പെട്ടുകിടന്നിരുന്നു.

മാതാവിൻെറ മുറിയിലേക്കു്, അതിൻെറ ദൂരെയുള്ള മൂലയിലേക്കു്. അവൻ ബദ്ധപ്പെട്ടുചെന്നു. അവിടെ അവരം ശയ്യയിൽ നിവർന്നുകിടക്കുന്നതു് അവൻ കണ്ടു. മരണം അവളെ വലിച്ചുനീട്ടിയതുപോലെ അവരുക്കു് അതിദൈർഘ്യമുണ്ടെന്നു് അവനു തോന്നി. അവളുടെ മുഖം ശുഷ്കവായും, വെള്ള മെഴുകിനേക്കാളധികം വിളർച്ച പൂണ്ടും, കൺകുഴികളും നാസികയും വല്ലാത്ത നിറമണിഞ്ഞും ഇരിക്കുന്നതു് അവൻകാണുകയുണ്ടായി. അവളെ തിരിച്ചറിയുവാൻ വിഷമമാണു്.

"എങ്ങനെ. എങ്ങനെ" എന്നു സീസറിനോ വിക്കി വിക്കിച്ചോദിച്ചു. അവനു ഭയത്തേക്കാളധികം ജിജ്ഞാസയാണു് ആദ്യം തോന്നിയതു്. കാഴ്ച കുറവുള്ളവർ ചെയ്യാറുള്ളതുപോലെ അവളെ നല്ലവണ്ണം കാണുവാനായി അവൻ തോരം പൊക്കി കഴുത്തു നീട്ടി. അവൻെറ ചോദ്യത്തിനു് മറുപടി എന്നതുപോലെ, അടുത്ത മുറിയിൽനിന്നു് ആ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു് അപ്പോരം ജനിച്ച ഒരു ശിശുവിൻെറ ഉറക്കെയുള്ള കരച്ചിൽ പുറപ്പെടുകയും ചെയ്തു.

തൻെറ ശരീരത്തിൽ പ്രവേശിച്ച ഒരു കത്തിക്കു തുല്യം ആ കരച്ചിൽ തന്നെ വേദനപ്പെടുത്തിയതിനാൽ സീസറിനോ പെട്ടെന്നു തിരിഞ്ഞു. ദേഹമാസകലം പരന്ന ഒരു വിറയലോടുകൂടി അവിടെ കട്ടിലിനു സമീപം മുട്ടുകുത്തിക്കിടന്നു് നിശ്ശബ്ദമായി കരഞ്ഞുകൊണ്ടിരുന്ന വേലക്കാരിയെ നോക്കി.

സീസറിനോ—"ഒരു കുഞ്ഞോ?"

വേലക്കാരി [ആംഗ്യംകാണിച്ചുകൊണ്ടു്] "അതേ അവിടെ."

സീസറിനോ [ഭയത്തോടുകൂടി]-അവരുടേതോ?

അവരുടേതുതന്നെയെന്നു് അവഠ തല കലുക്കി കാണിച്ചു.

വീണ്ടും അവൻ മാതാവിൻെറ നേക്കുതിരിഞ്ഞു പക്ഷേ, അവനു് ആ കാഴ്ച കാണുവാൻ ശക്തിയുണ്ടായിരുന്നില്ല. തന്നെ സ്തംഭിപ്പിച്ചു് തൻെറ ഹൃദയം തകത്തതായ ആ ഭയങ്കര വാത്ത നിമിത്തം ഇതികത്തവ്യതാമൂഢനായി ഭവിച്ച അവൻ കൈകൊണ്ടു് മുഖം മറച്ചു. അവൻെറ പീഡിതമായ ഹൃദയാന്തർഭാഗത്തുനിന്നു്, വേദന നിമിത്തം അടഞ്ഞിരുന്ന തൻെറ കണ്ണും പുറത്തു കടത്തിവിടാതെയിരുന്ന ഒരു നിലവിളി പുറപ്പെടുകയും ചെയ്തു.

''പ്രസവത്തിലോ മരിച്ചതു്? അതെങ്ങനെ? ''

ആ കുഞ്ഞിൻെറ കരച്ചിൽ പുറപ്പെട്ട മുറിയിൽ ഒരാളുണ്ടെന്നു് അവൻ ഉടനെ ശങ്കിച്ചതിനാൽ, വെറുപ്പോടുകൂടി വേലക്കാരിയെ നോക്കി. ''ആരു്? ആരു്?'' എന്നു് അവൻ ചോദിച്ചു. അത്രയും മാത്രമേ അവനു പറയുവാൻ കഴിഞ്ഞുള്ളു. കണ്ണുകളിൽനിന്നു് അവിരാമമായി പുറപ്പെട്ട ബാഷ്പകണങ്ങഠ തുടച്ചപ്പോഠ നിലത്തുവീഴാൻ ഭാവിച്ച കണ്ണാടി അവൻ മൂക്കിൽ ഉറപ്പിച്ചുവച്ചു.

വേലക്കാരി- ''കേഠക്കണോ കുഞ്ഞേ കേഠക്കണോ?''

സീസറിനോ -''ആരാണെന്നു പറയു''

ഒട്ടക്കം, തന്നെ അനുകമ്പകലന്ന വിസ്മയത്തോടുകൂടി നോക്കിക്കൊണ്ടു് തനിക്കു് പരിചയമില്ലാത്ത ചിലർ കട്ടിലിനുസമീപം നിന്നിരുന്നു എന്നു് അവനു മനസ്സിലായി. തന്നിമിത്തം കൂടുതലായി അവൻ ഒന്നും പറഞ്ഞില്ല. അക്കാഡമിയിലേക്കു് പോകുന്നതിനു മുമ്പു് താൻ ഉപയോഗിച്ചിരുന്ന ഒരു മുറിയിലേക്കു് അവൻ ആ വേലക്കാരിയോടുകൂടി പോയി. ശ്വാസം മുട്ടി

യും നീലിച്ചും കിടന്നിരുന്ന ആ കുഞ്ഞിനെ കുളിപ്പിച്ചുകൊണ്ടു് മിഡ്‌വൈഫ് അവിടെ നിന്നിരുന്നു. ഒരു വിറയലോടുകൂടി സീസറിനോ അതിനെ നോക്കി. അനന്തരം അവൻ വേലക്കാരിയുടെ നേർക്കു തിരിഞ്ഞു.

സീസറിനോ-''ഇവിടെ ആരുമില്ലയോ? ഈ കുട്ടിയോ?''

വേലക്കാരി (കൈകൂപ്പി)—''എന്റെ കൊച്ചങ്ങുന്നേ. എനിക്കു് ഒന്നും അറിഞ്ഞുകൂടാ. സത്യമായിട്ടു് അറിഞ്ഞുകൂടാ. ഈ മിഡ്‌വൈഫിനോടും ഇങ്ങനെയാണു് ഞാൻ പറഞ്ഞതു്. ഒരുത്തരും ഇവിടെ വന്നിട്ടു പോലുമില്ല. അതു ഞാൻ സത്യംചെയ്തു പറയാം.''

സീസറിനോ-''അവർ നിന്നോടു് ഒന്നും പറഞ്ഞിരുന്നില്ലേ?''

വേലക്കാരി—''ഒന്നും പറഞ്ഞിട്ടില്ല. ഒററവാക്കു പോലും പറഞ്ഞിട്ടില്ല. എനിക്കു ചോദിക്കാനും പാടില്ലല്ലൊ. കൊച്ചമ്മ കരയാറുണ്ടായിരുന്നു. അതു് ഒളിച്ചാണു്. അതു വെളിപ്പെട്ടതുമുതൽക്കു് കൊച്ചമ്മ വീടുവിട്ടു പുറത്തിറങ്ങിയിരുന്നില്ല. ഞാൻ പറഞ്ഞതു മനസ്സിലായോ?''

അവളോടു് മിണ്ടാതിരിക്കുവാൻ ആജ്ഞാപിക്കുന്ന ഒരു ആംഗ്യമായി വിറച്ചുകൊണ്ടു് സീസറിനോ കരങ്ങാം ഉയർത്തി. മരണം തന്നെ തള്ളിയിട്ട ഭയങ്കരമായ ശൂന്യതയിൽ വിവരങ്ങാം അറിയുന്നതിന്റെ ആവശ്യകതയുണ്ടായിരുന്നുവെങ്കിലും, അവ അറിയണമെന്നു് അവൻ ആഗ്രഹിച്ചിരുന്നില്ല. അപമാനം അത്ര്യധികമാണെന്നു' അവനുതോന്നി. മാതാവു് അതുകൊണ്ടു് മരിച്ചു: അവളുടെ ശരീരം അതാ അവിടെ കിടക്കുകയും ചെയ്യുന്നു. മുഖത്തു് കൈ അമർത്തി അവൻ തന്റെ മനസ്സിലുള്ള ഇരുട്ടിൽ ശങ്കകഠം വ്യാപരിക്കുന്നതിനനുവദിച്ചുകൊണ്ടു് ജനലിനടുക്കൽ ചെന്നു് നിലകൊണ്ടു.

# 3

തനിക്കു് സംശയം ജനിപ്പിച്ച യാതൊരു പുരുഷനും അവിടെ വന്നതു് സീസറിനോ ഒരിക്കലും കണ്ടതായി ഓർമ്മിക്കുന്നില്ല. പക്ഷെ, വീട്ടിന്നു പുറമേ വച്ചോ? മാതാവു് അൽപസമയം മാത്രമേവീട്ടിൽ പാർത്തിരുന്നുള്ളു അവരു പുറത്തു നയിച്ച ജീവിതരീതിയെപ്പററി തനിക്കു് എന്തറിയാം? അത്താഴവേളകളിലുണ്ടാകാറുള്ള സമാഗമങ്ങരു ഒഴിച്ചു് തനിക്കു് മാതാവുമായി എന്തുബന്ധമാണുണ്ടായിരുന്നതു്? തന്നിൽ നിന്നു വേർപെട്ടു നിന്നിരുന്ന ഒരു ജീവിതമത്രേ, അവരു നയിച്ചതു്. അവരുക്കു് ഏതോ ഒരു പുരുഷനോടു് അടുപ്പമുണ്ടായിരുന്നു എന്നുള്ളതിൽ സംശയമൊന്നുമില്ല, ആരാണതു്? അവൻ കരഞ്ഞു. അവളെ കല്യാണം കഴിക്കുവാൻ മനസ്സില്ലായ്കയാലാണോ, ശേഷിയില്ലായ്കയാലാണോ—ആ മനുഷ്യൻ അവളെ ഉപേക്ഷിക്കുകയും ചെയ്തു. അതുകൊണ്ടാണു് മാതാവു്, തന്നെ അക്കാഡമിയിലേക്കു് പറഞ്ഞയച്ചതു്. തനിക്കും അവരുക്കും ഉണ്ടായ അപമാനത്തിൽ നിന്നു് രക്ഷപ്പെടുന്നതിനാണു് അവരു അങ്ങനെ ചെയ്തതു്. പിന്നീടോ? താൻ അടുത്ത ജൂലൈ മാസത്തിൽ അക്കാഡമി വിടുമായിരുന്നു, അപ്പോഴോ? തൻെറ കുററത്തിൻെറ സകല ലക്ഷ്യങ്ങളും ഇല്ലായ്മചെയ്യുവാൻ അവരു വിചാരിച്ചിരുന്നോ?

ആ ശിശുവിനെ നോക്കുന്നതിനായി അവൻകൈ മുഖത്തുനിന്നു മാററി. അതാ കിടക്കുന്നു, ആ കുഞ്ഞു്! മിഡ്‌വൈഫ് ആ കുഞ്ഞിനെ തുണികൊണ്ടു പൊതി

ഞ്ഞു് താൻ ബാല്യത്തിൽ കിടന്നുറങ്ങിയിരുന്ന ചെറു ശയ്യയിൽ കിടത്തിയിരുന്നു. ആ ചെറിയ തൊപ്പിയിലും ചെറിയ ഷർട്ടിലും അവൻ ദനാക്കി ... അവഠം ആ കുഞ്ഞിനെ വളത്തുവാൻ നിശ്ചയിച്ചിരുന്നു. ആ കുഞ്ഞു് ധരിച്ചിരുന്ന വസ്ത്രമെല്ലാം അവഠം തന്നെ നേരത്തെ നിർമ്മിച്ചു എന്നുള്ളതിനു് സംശയമില്ല. അപ്പോഠം താൻ അക്കാഡമിയിൽ നിന്നു തിരിച്ചുവരുമ്പോഠം കുഞ്ഞിനെ അവിടെ കാണുമായിരുന്നു. അന്നു് മാതാവു് അവനോടു് എന്തു പറയും? അതാണു്, അതുതന്നെ അവഠം മരിച്ചതിനു കാരണം! ആ മാസങ്ങളിൽ എത്രയധികം ഗൂഢപീഡകഠം അവഠം അനുഭവിച്ചിരുന്നിരിക്കണം! ഹാ! അവളോടു് ഇങ്ങനെ വർത്തിച്ചു്, അപമാനിച്ചതിനു ശേഷം അവളെ തള്ളിക്കളഞ്ഞ പുരുഷൻ അതിനീചൻതന്നെ. ഒരു മൃഗം ഗുഹയിൽ ഒളിച്ചിരിക്കുന്നതിനു തുല്യം തൻെറ സ്ഥിതി ഒളിക്കുവാനായി അവഠം വീട്ടിനു പുറത്തിറങ്ങാതെയിരുന്നിരുന്നു. ഒരു പക്ഷെ ഇതുകൊണ്ടു വാണിജ്യസ്കൂളിലെ ജോലി അവഠംക്കു നഷ്ടമായിപ്പോയിരിക്കാം. ഈ മാസങ്ങളിൽ അവഠം എങ്ങനെയാണു് ഉപജീവനം കഴിച്ചതു്? ഏറിയകാലത്തെ നിരന്തരപരിശ്രമംകൊണ്ടു് സമ്പാദിക്കുവാൻ സാധിച്ച പണം എടുത്തു ചെലവാക്കിയിരുന്നിരിക്കാം. ഇപ്പോഴോ?

തനിക്കു ചുററുമുള്ള ശൂന്യത പൂർവ്വാധികം ഇരുണ്ടും വിസ്തീർണ്ണമായും വരുന്നതായി അവനു തോന്നി. ഏകനായി, അകന്നവരോ, അടുത്തവരോ. ആയ ബന്ധുക്കഠം ആരും തന്നെ ഇല്ലാതെ, മാതാവിനെ കാലനൂർക്കു് അയച്ചവനും, തന്മൂലം തന്നെപ്പോലെ അനന്യബന്ധുവും പിതൃശൂന്യനുമായിത്തീർന്നവനുമായ ആ ശിശുവിനോടുകൂടി തനിക്കു ജീവിക്കേണ്ടതായി വന്നിരിക്കുന്നു. തന്നെപ്പോലെയോ? ഒരുപക്ഷെ, താനും ഇതുപോലെതന്നെ ...''

ഇതു് താൻ ഇതിനു മുമ്പു് വിചാരിക്കാതെയിരുന്നതു് എന്തുകൊണ്ടു്? താനും ഇതുപോലെ ജനിച്ചവനാണോ? തൻെറ പിതാവിനെക്കുറിച്ചു് തനിക്കു് എന്തറിയാം? സീസർ ബ്ലെയി ആരായിരുന്നു? ബ്ലെയി! അതു് തൻെറ പിതാവിൻെറ കുടുംബപ്പേരാണോ? അതേ, എൻറിക്കു് ബ്ലെയി—ഇങ്ങനെയാണു് അവ൦ ഒപ്പിട്ടിരുന്നതു്. സ്കൂ൦ മിസ്ട്രസ്സായ സിഞ്ഞിയോറാ ബ്ലെയി എന്നാണു് എല്ലാവരും അവളെ വിളിച്ചുവന്നിരുന്നതു്. അവ൦ ഒരു വിധവയായിരുന്നു എങ്കിൽ, റോമാനഗരത്തിൽ വന്നു് അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ചപ്പോ൦, അവ൦ക്കു് തൻെറ കുടുംബപ്പേരു് സ്വീകരിക്കാൻ പാടില്ലായിരുന്നോ? പരേതനായ ഭർത്താവിൻെറ പേരു് അതിനോടുകൂടി ചേർക്കാമായിരുന്നല്ലൊ.

അങ്ങിനെ അവ൦ ചെയ്തില്ല. ബ്ലെയി എന്നതു് മാതാവിൻെറ കുടുംബപ്പേരുതന്നെ. സംശയമില്ല. ഇതുനിമിത്തമാണു് ആ പേരുമാത്രം അവ൦ വഹിച്ചിരുന്നതും. തനിക്കു് ഒരു അറിവുമില്ലാത്തവനും, യാതൊരു ലക്ഷ്യവും ആ ഭവനത്തിൽ ഇട്ടുംവച്ചു പോകാത്തവനുമായ ''പരേതനായ സീസർ'' എന്നൊരാ൦ ഒരു പക്ഷേ ഉണ്ടായിരുന്നില്ലെന്നു വന്നേക്കാം. ഒരുവേള അയാളുടെ നാമം സീസർ എന്നായിരിക്കാം. പക്ഷേ, ബ്ലെയി എന്നതു് അയാളുടെ പേരല്ല ...തൻെറ പിതാവിൻെറ നാമം എന്തായിരുന്നു എന്നു് ആക്കറിയാം? ഈ കാര്യങ്ങളെക്കുറിച്ചു് താൻ ഇതുവരെ ചിന്തിക്കാതെയിരുന്നതിനു കാരണമെന്തു്?

വേലക്കാരി—''കേ൦ക്കണം, കൊച്ചങ്ങുന്നേ. മിഡ്വൈഫിനു് കൊച്ചങ്ങുന്നിനോടു് ആ കുഞ്ഞിനെപ്പററി ചിലതു പറയാനുണ്ടു്.''

മിഡ്വൈഫ്– 'അതേ. കുഞ്ഞിനു് ഇപ്പോഠ തന്നെ മുലകൊടുക്കണം. ആരാണുമുലകൊടുക്കുന്നതു്?''

സീസറിനോ ആശ്ചര്യപൂവ്വം അവളെ നോക്കി.

മിഡ്വൈഫ്–''കാര്യം ഇതാണു്- ഇങ്ങിനെയുള്ള ഒരു പ്രസവവും, കുട്ടിയുടെ സാധു തള്ള മരിച്ചതും നിങ്ങഠക്കു് ഈ കുഞ്ഞിനെ വളത്തുവാൻ സാധിക്കാത്തതും കൊണ്ടു്....''

സീസറിനോ (പുരികം ചുളുക്കി)–''അതിന്നെ വല്ലയിടത്തും കൊടുത്തയയ്ക്കുവാനാണോ പോകുന്നതു്?''

മിഡ്വൈഫ്–''ഞാൻ പറയുന്നതു കേഠക്കണം. എനിക്കു് നഗരസഭയ്ക്കു് ഒരു റിപ്പോർട്ടു സമർപ്പിക്കാനുണ്ടു്. നിങ്ങഠ എന്തുചെയ്യാൻ വിചാരിക്കുന്നു എന്നു് എനിക്കു് അറിഞ്ഞാൽ കൊള്ളാം.''

സീസറിനോ (വീണ്ടും പരിഭ്രമിച്ചു്)– ''അതേ അതേ ... കുറേനേരം ക്ഷമിച്ചിരിക്കണം. എനിക്കു് ആദ്യമായി....''

എന്തോ കണ്ടുപിടിക്കുവാനുള്ളതുപോലെ അവൻ ചുററും നോക്കി.

''താക്കോലാണോ നോക്കുന്നതു്?''-എന്നു് വേലക്കാരി പതുക്കെ അവനോടു ചോദിച്ചു.

സീസറിനോ (ഒന്നും വിചാരിക്കാതെ) – ''ഏതു താക്കോൽ?''

വേലക്കാരി -''അതെല്ലാം അറിയുന്നതിനുള്ള താക്കോലു്. അതു് കൊച്ചമ്മയുടെ മുറിയിൽ വെള്ളം വച്ചിരിക്കുന്ന മേശയുടെ മുകളിലുണ്ടു്.''

സീസറിനോ മാതാവിൻെറ മുറിയിലേക്കു് പോകുവാനായി തിരിച്ചു. പക്ഷെ, കാര്യമെല്ലാം താൻ അറിഞ്ഞിരുന്നു. ഇപ്പോഠ മാതാവിനെ വീണ്ടും കാണുന്നതിനു് വിമുഖനായി അവൻ അവിടെ നിലകൊണ്ടു. അവനെ അനുഗമിക്കുവാൻ വിചാരിച്ച വേലക്കാരി

KOTTAYAM PUBLIC LIBRARY 52007

അവൻെറ കർണ്ണങ്ങളിൽ ഇങ്ങനെ മന്ത്രിച്ചു. ''നമുക്കു് പല കാര്യങ്ങളും നടത്താനുണ്ടു്, കൊച്ചുങ്ങുന്നേ! ഏകനായ, സാധുവായ, കൊച്ചുങ്ങുന്നിനു് വല്ലായ്മതോന്നുന്നുണ്ടെന്നു് എനിക്കു് അറിയാം...ഡാക്ടർ വന്നു. ഞാൻ മരുന്നുഷാപ്പിലേയ്ക്കു് ഓടി. ഇത്രയും മാത്രം എൻെറ കൈയിലുണ്ടു്. ഇതുകൊണ്ടു് ഒട്ടും മതിയാകയില്ല. സാധു കൊച്ചമ്മയെപ്പററി കൊച്ചുങ്ങുന്നിനു് വിചാരിക്കേണ്ടിയിരിക്കുന്നു. നമ്മൾ എന്തു ചെയ്യണം? ഉണന്നു പ്രവത്തിക്കണം: കൊച്ചുങ്ങുന്നേ.''

സീസറിനോ താക്കോലെടുക്കുവാനായി പോയി. നീണ്ട വടിപോലെ മാതാവു് ശയ്യയിൽ കിടക്കുന്നതു് അവൻ വീണ്ടും കണ്ടു. ആ കാഴ്ച തന്നെ ആകർഷിച്ചതുപോലെ അവൻ ശവത്തിനു സമീപം ചെന്നു നിന്നു. പല സംഗതികളെപ്പററിയും പറയുന്നതു് കേൾക്കുവാൻ തനിക്കു് ആഗ്രഹമുള്ള ആ ചുണ്ടുകൾ മൂകമായി. എന്നേക്കും മൂകമായി, ഭവിച്ചിരുന്നു! ആ കുഞ്ഞിനെക്കുറിച്ചുള്ള രഹസ്യവും, തൻെറ ജനനത്തെപ്പററിയുള്ള രഹസ്യവും, മൃത്യുവിൻെറ ഭയങ്കരമായ നിശ്ശബ്ദതയിലേക്കു് അവൾ തന്നോടുകൂടി കൊണ്ടുപോയിരിക്കുന്നു....താക്കോൽ എവിടെ?

വെള്ളം വയ്ക്കുന്ന മേശയുടെ മൂക്കിൽ നിന്നു് താക്കോൽ എടുത്തുകൊണ്ടു് മാതാവിൻെറ ചെറിയ ഇരിപ്പുമുറിയിലേക്കു് അവൻ വേലക്കാരിയോടുകൂടി പോയി.

വേലക്കാരി—'അതാ,ആ മേശയിൽനോക്കണം.'

അവിടെ നൂറു *ലീറയിൽ അൽപം കൂടിയ തുക മാത്രമേ അവൻ കണ്ടുള്ള, സമ്പാദ്യത്തിൽ നിന്നും ശേഷിച്ചതു് അത്രമാത്രമായിരിക്കാം.

വേലക്കാരി—''മററൊന്നുമില്ലേ?''

സീസറിനോ ''ഒന്നുമില്ല,—നിൽക്കു്—''

---

*പതിനഞ്ചു പൈസയോളം വില വരുന്ന ഒരു ഇത്താലിയൻ നാണയമാണു് ലീറ.

കുറെ കത്തുകഠം അതിനകത്തു കിടക്കുന്നതു് അവൻ കണ്ടു. ഉടനെ തന്നെ അവ വായിച്ചു നോക്കണമെന്നു് അവനുതോന്നി. പക്ഷെ, അതിനകത്തുണ്ടായിരുന്ന മൂന്നു കത്തുകളും രണ്ടു വർഷത്തിനു മുമ്പു് മദ്ധ്യവേനലവധിക്കാലത്തു് റയോപ്രെഡോയിൽ മാതാവും താനുംകൂടി പോയി താമസിച്ചിരുന്നപ്പോഠം, മാതാവിനു് വാണിജ്യസ്ക്കൂളിലെ ഒരു അദ്ധ്യാപിക അയച്ചിരുന്നവയായിരുന്നു. അടുത്ത വർഷം പ്രസ്തുത അദ്ധ്യാപിക മരിക്കുകയും ചെയ്തു. ഒടുവിലത്തെ കത്തിനകത്തുനിന്നു് ഒരു ചെറിയ കത്തു് പെട്ടെന്നു് നിലത്തുവീണു. വേലക്കാരി അതു കുനിഞ്ഞെടുത്തു.

സീസറിനോ- ഇങ്ങു തരൂ. ഇങ്ങു തരൂ.

പെൻസിൽകൊണ്ടു് എഴുതിയിരുന്ന ഒരു കത്തായിരുന്നു അതു്. അതിൽ സ്ഥലമോ, തീയതിയോ, ഉണ്ടായിരുന്നില്ല. കത്തു് ഇങ്ങനെയായിരുന്നു. ' ഇന്നു് സാധിക്കുകയില്ല. പക്ഷെ, വെള്ളിയാഴ്ച—എന്നു് അൽബെർട്ടോ.''

സീസറിനോ- അൽബെർട്ടോയൊ? ഈ മനുഷ്യൻ അയാഠം തന്നെ. അൽബെർട്ടോ! നിനക്കു് ഇയാളെ അറിയാമോ? ഒന്നും അറിഞ്ഞുകൂടേ? ഒന്നും തന്നെ. ഉത്തരം പറയൂ.

വേലക്കാരി-എനിക്കു് ഒന്നും അറിഞ്ഞുകൂടാ, കൊച്ചുങ്ങുന്നേ.

ഒരിക്കൽക്കൂടി സീസറിനോ ആ മേശയും അവിടെയുള്ള അൽമാരകളും പരിശോധിച്ചു. വിശേഷിച്ചു് ഒന്നും അവയിൽ അവൻ കണ്ടില്ല- ആ പേരുമാത്രം. കുഞ്ഞിൻെറ അച്ഛൻെറ പേരു് അൽബെർട്ടോ എന്നു മാത്രം. തൻെറ പിതാവിൻെറ നാമം സീസർ എന്നുമാണു്. രണ്ടു പേരുകഠം മാത്രം, മററൊന്നുമില്ല. മാതാവു് അതാ മരിച്ചുകിടക്കുകയും ചെയ്യുന്നു! ആ ഭവനത്തിലെ

സാമാനങ്ങളെല്ലാം അചേതനങ്ങളായി കിടക്കുന്നു! തനിക്കും, ആ കുഞ്ഞിനും ഇപ്പോൾ നിത്യവൃത്തിക്കുപോലും വകയില്ല. ബന്ധുക്കളും ആരുമില്ല. തനിക്ക് അതുവരെയെങ്കിലും മാതാവുണ്ടായിരുന്നു. ആ കുഞ്ഞിനെ ഉപേക്ഷിച്ചുകളയാമോ. ഒരിക്കലും പാടില്ല. പാവം!

## 4

ശക്തിയേറിയ അനുകമ്പയാൽ പ്രായേണ സഹോദരസ്നേഹത്താൽ-പ്രേരിതനായ സീസറിനോയിക്ക് തന്നിൽ അത്യൽസാഹം ജനിക്കുന്നു എന്നു തോന്നി. മേശയിൽ നിന്നു് മാതാവിൻെറ ചില ആഭരണങ്ങൾ എടുത്തു് അവ പണയംവച്ചു് തൽക്കാല ആവശ്യങ്ങൾ നിറവേററുവാനുള്ള പണം വാങ്ങുന്നതിനായി അവൻ വേലക്കാരിയുടെ കൈയിൽ കൊടുത്തു. തൻെറ മാതാവിനെ സംബന്ധിച്ചു് ചെയ്യേണ്ടതായിരുന്ന കാര്യങ്ങളെല്ലാം നിർവ്വഹിക്കാമോ എന്നു തന്നെ അനുഗമിച്ചിരുന്ന സ്കൂൾ പ്രെഫെക്ററിനോടു ചോദിക്കുവാനായി അവൻ അനന്തരം ഇരുപ്പുമുറിയിലേക്കു പോയി. പിന്നീടു് മിഡ്വൈഫിനെ സമീപിച്ചു് ഒരു നേഴ്സിനെ ഉടൻതന്നെ ഏർപ്പാടുചെയ്തുകൊടുക്കണമെന്നു് അവളോടു് അവൻ അപേക്ഷിച്ചു. മരണമുറിയിൽ നിന്നു് അവൻ തൻെറ സ്കൂൾ തൊപ്പി എടുത്തുമാററിവച്ചു. താനോ ആ കുഞ്ഞോ മരിക്കുവോൻ താൻ അനുവദിക്കുന്നതല്ലെന്നു് മാതാവിനോടു് മനസ്സിൽ ശപഥം ചെയ്തശേഷം പ്രിൻസിപ്പാളിനോടു സംസാരിക്കുവാനായി അവൻ അക്കാഡമിയിലേക്കു് പോകുകയും ചെയ്തു.

അൽപനിമിഷങ്ങഠംക്കുള്ളിൽ സീസറിനോ മറെറാരു മനുഷ്യനായി ഭവിച്ചിരുന്നു. പരാതി പറയാതെ അവൻ തൻെറ സ്ഥിതി പ്രിൻസിപ്പാളിനെ ധരിപ്പിക്കുകയും, ധൈര്യസമേതം സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. അപ്പോഠം മുതൽക്കു് അന്യരുടെ സഹായം നിഷ്പത്തിയുണ്ടെങ്കിൽ തനിക്കു ലഭിക്കാതെയിരിക്കുകയില്ലെന്നു് അവൻ ദൃഢമായി വിശ്വസിച്ചിരുന്നു. നിരപരാധിയായ തന്നിൽ, തൻെറ സ്വന്തം മാതാവും, അജ്ഞാതനായ പിതാവും മാതൃമരണത്തിനും ഒരു കൊച്ചുകുഞ്ഞിനെ തന്നെ ഏല്പിക്കുന്നതിനും കാരണഭൂതനായ മറെറാരു അന്യനും, കൂടിച്ചേർന്നു് ചൊരിഞ്ഞ ദ്രോഹങ്ങളെ പുരസ്ക്കരിച്ചു്, തനിക്കു് പരസഹായത്തിനു് ദിവ്യമായ ഒരു അവകാശമുണ്ടല്ലോ.

തുറന്ന വായോടും കണ്ണീർ നിറഞ്ഞ നയനങ്ങളോടുംകൂടി ആ വിവരങ്ങഠം കേട്ടുകൊണ്ടിരുന്ന പ്രിൻസിപ്പാഠം അവനു് പരസഹായം നേടിക്കൊടുക്കുവാൻ യഥാശക്തി പ്രവർത്തിക്കാമെന്നും, താൻ അവനെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്നും പറഞ്ഞു. അവനെ ആശ്ലേഷിക്കുകയും, അവൻെറ ദുഃഖത്തിൽ സഹതപിച്ചു കണ്ണീർ പൊഴിക്കുകയും ചെയ്തതിനുശേഷം, അന്നുവൈകുന്നേരം തന്നെ താൻ അവൻെറ വീട്ടിൽ ചെല്ലുമെന്നും, അപ്പോഠം ഒരു സന്തോഷവാർത്ത കൊണ്ടുവരാൻ തനിക്കു സാധിക്കുമെന്നു് വിശ്വസിക്കുന്നു എന്നുംകൂടി അദ്ദേഹം അവനെ ധരിപ്പിച്ചു. 'അങ്ങനെ ആകട്ടെ. ഞാൻ അവിടെ കാത്തിരിക്കും' എന്നു പറഞ്ഞുകൊണ്ടു് അവൻ അതിവേഗത്തിൽ വീട്ടിലേക്കു പാഞ്ഞു.

ധനസഹായം, അതു് അധികമില്ലെങ്കിലും വേഗം അവനു ലഭിച്ചു. അന്യർ ഏർപ്പാടുചെയ്തു തൻെറ മാതാവിൻെറശവസംസ്ക്കാരച്ചെലവിലേക്കു് ആ തുകപൊയ്പ്പോയതിനാൽ, അതുണ്ടായിരുന്നതുപോലെ സീസ

റിനോയ്ക്ക് തോന്നിയിരുന്നില്ല. ആ കുഞ്ഞിനെക്കുറിച്ചുമാത്രമെ അവൻവിചാരിച്ചിരുന്നുള്ളു. അസ്വാസ്ഥ്യമുണ്ടാകത്തക്കവണ്ണം, എങ്ങിനെയോ എവിടെനിന്നോ അവൻെറ മാതാവുസംഭരിച്ച സുഖസാധനങ്ങരം-മരസാധനങ്ങരം, കർട്ടൻസ്, ചവിട്ടുമെത്തകരം, അടുക്കളസാധനങ്ങരം എന്നിവ-കിടന്നിരുന്ന ആ ഭവനത്തിൽനിന്നു് എങ്ങിനെ പുറത്തുകടക്കാമെന്നായിരുന്നു അവൻെറ ആലോചന. പ്രസ്തുത സുഖസാധനങ്ങളുടെ രഹസ്യമായ ഉത്ഭവം നിമിത്തം പ്രായേണ വെറുപ്പോടുകൂടിയാണു് അവൻ അവയെ വീക്ഷിക്കുന്നതു്. നഗരമതിലുകരംക്കു് പുറമെ പ്രിൻസിപ്പാലിൻെറ സഹായസഹിതം താൻ വാടകക്കെടുത്തിരുന്ന മൂന്നു മോശമായ ചെറുമുറികരംക്കു് അനുപേക്ഷണീയങ്ങളായ ഏതാനും അത്യാവശ്യസാധനങ്ങരം മാത്രം വച്ചുകൊണ്ടു് ശേഷിച്ചതെല്ലാം വിൽക്കണമെന്നാണു് അവൻ തീരുമാനിച്ചിരുന്നതു്,

താൻ താമസത്തിനെടുത്ത പുതിയ ഭവനത്തിൽ വാടകയ്ക്കു പാർത്തിരുന്നവർ ശുപാർശചെയ്തതനുസരിച്ചു് പഴയ സാമാനക്കച്ചവടക്കാർക്കു് അവൻ ഈ സാധനങ്ങരം ബദ്ധപ്പെട്ടു വിററു. ആ കുഞ്ഞിൻവേണ്ടി മാതാവു് മരിച്ചതോടുകൂടി ഇവ അവൻെറ വകയായിരുന്നു എന്നും, തന്മൂലം ഇവ വച്ചുകൊണ്ടിരിക്കുന്നതു് തൻെറ അപമാനം പരസ്യപ്പെടുത്തുന്നതിനു തുല്യമാണെന്നും വിചാരിച്ചതുകൊണ്ടാണു് സീസറിനോ ഇക്കാര്യത്തിൽ ഇത്രമാത്രം ബദ്ധപ്പാടുകാണിച്ചതു്. ആ കൊച്ചുകുഞ്ഞിനുവേണ്ടി പ്രവർത്തിക്കുവാൻ ആരെങ്കിലുമുണ്ടെങ്കിൽ, ആ മനുഷ്യൻ അവനു് ലജ്ജതോന്നുവാൻ ഇടകൊടുക്കുകയില്ലെന്നായിരുന്നു സീസറിനോയുടെ വിചാരം. പഴയവസ്തുക്കരം വാങ്ങുകയും വിൽക്കുകയുംചെയ്യുന്ന കൃത്രിമഭാവമുള്ള ക്ഷീണിച്ച ഒരു സ്ത്രീക്കു മാതാവിൻെറ വസ്ത്രങ്ങളും, തൊങ്ങലുകളും വിൽക്കുവാൻ സീസറിനോ ഭാവിച്ചപ്പോരം,

ഏതു തരം സ്ത്രീകഠംക്കാണു് താൻ അവയെ വിൽക്കുവാൻ പോകുന്നതെന്നു് അവഠം മൃദുവാക്കുകളും, മധുരമന്ദഹാസങ്ങളും മുഖേന സൂചിപ്പിക്കുകയുണ്ടായി. ഉടനെ അവൻ അവയെ അവഠംക്കു വിൽക്കാതെ അവളെ അവിടെനിന്നു പറഞ്ഞയച്ചു. സജീവങ്ങളാണെന്നു തോന്നിച്ച ആ വസ്ത്രങ്ങഠം, കഴിഞ്ഞ കുറെ മാസങ്ങളിൽ തന്നിൽ അസ്വാസ്ഥ്യം ജനിപ്പിച്ചിരുന്ന പരിമളം ഇപ്പോഴും പൊഴിച്ചുകൊണ്ടിരുന്നു. അവയെ കൈ നിറച്ചു വാരി അൽമാരിയിൽ വച്ചപ്പോഠം, ആ കുഞ്ഞിൻെറ ശ്വാസം താൻ അറിഞ്ഞതുപോലെ അവനുതോന്നി. അവിടെയുള്ള സകല സാധനങ്ങളും, മരണത്തിനു മുമ്പു് മാതാവുതന്നെ നിർമ്മിച്ച നല്ല ഷർട്ടും മററും ധരിച്ചുകിടന്നിരുന്ന ആ കുഞ്ഞിൻേറതാണെന്നുള്ള വിശേഷബോധത്തെ ഇതു ദൃഢീകരിക്കുകയാണു ചെയ്തതു്. ആ ശിശുവിനെ സംരക്ഷിക്കണമെന്നു മാത്രമല്ല, അതിനു് മാതാവു് ചെയ്യുമായിരുന്ന ലാളനം കലന്ന ശുശ്രൂഷകഠം സഹിതം അതിനെ പ്രത്യേകം സൂക്ഷിച്ചു വളർത്തണമെന്നുംകൂടി അവൻ ഇപ്പോഠം വിചാരിച്ചു. ഇപ്രകാരം തന്നിൽ മാതാവിൻെറ ധൈര്യം ഝടുതി ജനിച്ചതു കണ്ടു് അവൻ ആനന്ദിക്കുകയും ചെയ്തു.

മാതാവിൻെറ അനായാസവും പ്രസന്നവുമായ ഉൽസാഹം തൻെറ ശോഷിച്ച ശരീരത്തിൽ കുടികൊണ്ടപ്പോഠം അതിനു് ഒരു കൃത്രിമത്വം പ്രത്യക്ഷത്തിൽ വന്നുപോയിയെന്നും, അതു് തന്നെ സംശയശീലനും കക്കശനും, മിക്കവാറും ക്രൂരനുമായി അന്യർ പരിഗണിക്കുന്നതിനു് ഇടയാക്കിയെന്നും അവൻ അറിഞ്ഞിരുന്നില്ല. ആ വിഷമഘട്ടത്തിൽ തന്നെ ഉള്ളഴിഞ്ഞു സഹായിച്ചിരുന്ന പഴയ വേലക്കാരി റോസയെ അവൻ പറഞ്ഞയച്ചതു് ക്രൂരതയ്ക്കു് ഒരുഉദാഹരണമായിപരി

KOTTAYAM PUBLIC LIBRARY

ഗണിക്കാം. കുഞ്ഞിനു് മുലകൊടുത്തു് ശുശ്രൂഷിക്കു വാൻ ഒരു നേഴ്സിനെ തന്നോടുകൂടി താമസിപ്പിക്കേണ്ടി വന്നതുകൊണ്ടു് ആ അധികച്ചെലവിനു് പരിഹാരമായി അവൻ റോസയെ പറഞ്ഞയച്ചതു് ന്യായീകരിക്കാവുന്ന ഒരു പ്രവൃത്തിയാണു്. പക്ഷെ, മറെറാരു രീതിയിൽ നിരൂപിച്ചാൽ, അവൻ അങ്ങനെ ചെയ്യേണ്ടതല്ലായിരുന്നു എന്നു തോന്നും. എന്നാലും മററുള്ളവരും, റോസതന്നെയും, അവൻെറ ഈ പ്രവൃത്തിയെ ക്ഷമിക്കുകയാണു ചെയ്തതു്. വിധിയുടെ നിഷ്ഠുരമായ വിളയാട്ടത്തിൽകിടന്നു് സങ്കടപ്പെടുന്ന അവനു് താൻ അന്യരോടു് ക്രൂരമായി പെരുമാറുന്നുണ്ടെന്നു് മനസ്സിലാക്കുവാൻ സാധിച്ചിരുന്നില്ല. കൂനിയ തോളുകളും, വിളറി ഋജുവായി ശങ്ക നിറഞ്ഞിരുന്ന ചെറുമുഖവും, കനത്ത മൂക്കുകണ്ണാടിയിലൂടെ സദാ തുറിച്ചുനോക്കിയിരുന്ന നേത്രങ്ങളുമുള്ള അവൻ, ഇങ്ങനെ കഷ്ടപ്പെടുന്നതുകണ്ടു് അന്യക്കു് ദയവു തോന്നിയിരുന്നില്ലെങ്കിൽ, അവർ ചിരിക്കുമായിരുന്നു. സമയം താമസിച്ചുപോകുമോ എന്നു ഭയന്നു് ബദ്ധപ്പെട്ടു് അങ്ങുമിങ്ങും ഓരോ തക്കം നോക്കി അവൻ സഹായലാഭാർത്ഥം പോകാറുണ്ടായിരുന്നു. ജനങ്ങരം അവനെ സഹായിച്ചു! അതിനു് അവരോടു് കൃതജ്ഞത പ്രകടിപ്പിക്കുകപോലും അവൻ ചെയ്തിരുന്നില്ല. വിദ്യാഭ്യാസ ഡയറക്ടരുടെ ഓഫീസിൽ ഒരു ക്ലാക്കുദ്യോഗം അവനു വാങ്ങിക്കൊടുത്തിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുവാനായി സീസറിനോ വീടുമാറിയതിനുശേഷം അവൻെറ പുതിയഭവനത്തിൽ ചെന്നിരുന്ന അക്കാഡമി പ്രിൻസിപ്പാളിനോടുപോലും അവൻ കൃതജ്ഞത പ്രകടിപ്പിച്ചിരുന്നില്ല.

പ്രിൻസിപ്പാൾ-' ഇതു് ഒരു നല്ല ജോലിയല്ല. പക്ഷെ, നിനക്കു് ഓഫീസ് ജോലി കഴിഞ്ഞു് വൈകുന്നേരം അക്കാഡമിയിൽ വന്നു് താഴ്ന്ന ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികരംക്കുവേണ്ടി ഞങ്ങരം

നടത്തുന്ന പ്രൈവററു ക്ലാസ്സുകളിൽ ചേർന്നു് പഠിക്കു വാൻ സാധിക്കും. നിനക്കു നല്ല ഒരു സ്ഥിതിയുണ്ടാകും. നീ ഒരു നല്ല ബാലനാണു്.

സീസറിനോ—കൊള്ളാം, സാറേ. പക്ഷെ വസ്ത്രങ്ങൾക്കു് ഞാൻ എന്തുചെയ്യും? ഒരു സ്കൂൾ വിദ്യാർത്ഥിയെപ്പോലെ വേഷം ധരിച്ചു് ഓഫീസിൽ പോകാൻ പാടില്ലല്ലോ.''

പ്രിൻസിപ്പാൾ— 'നീ ഞങ്ങളുടെ സ്കൂളിൽ വരുന്നതിനു മുമ്പു് ധരിച്ചിരുന്ന ഉടുപ്പുകൾ നിനക്കു് ധരിക്കാമല്ലോ.'

സീസറിനോ—പാടില്ല, സാറേ. അമ്മ പറഞ്ഞിട്ടു് അവയെല്ലാം നീളംകുറഞ്ഞ ശരായികളോടുകൂടിയാണു് തയ്പ്പിച്ചിട്ടുള്ളതു്. കൂടാതെ, അവയ്ക്കു് കറുത്ത നിറവുമില്ല.''

ഓരോ തടസ്സങ്ങളും—ഇവ പലതുമുണ്ടായിരുന്നു—അവനെ കോപാന്ധനാക്കുകയും, സങ്കടപ്പെടുത്തുകയുമാണു ചെയ്തതു്, തനിക്കു് ജയിക്കണം, താൻ ജയിക്കുകയും ചെയ്യു. പക്ഷെ, വിജയം നേടുന്നതിനുവേണ്ട ജോലി—അതിനുള്ള മോഹം അവനിൽ ബലമായി കുടികൊണ്ടിരുന്നുവെങ്കിലും—അവ അന്യർ ചെയ്യുകതന്നെ വേണം!

## 5

ഡയറക്റ്ററാഫീസിലെ പകർപ്പെഴുത്തുവകുപ്പിലാണു് സീസറിനോയിക്കു ജോലികിട്ടിയതു്. ആ വകുപ്പുകാർ ജോലിയിൽ കാണിച്ച അമാന്തം കണ്ടു് അ

ധികാരികഠം ആ വകുപ്പു നിറുത്തിക്കളയുമെന്നു് പറഞ്ഞിരുന്നു. എന്നിട്ടും അതിലെ പ്രായപൂത്തിവന്ന ഭൂരിപക്ഷം ക്ളാക്കുകളും ജോലിചെയ്യാതെ വെടിപറഞ്ഞു സമയം കൊല്ലുന്നതു് കാണുമ്പോഠം, സീസറിനോ തന്റെ കസേരയിലിരുന്നു് അസ്വാസ്ഥ്യം കാണിക്കുകയും, കുപിതനായി നിലത്തു ചവിട്ടുകയും ഒടുക്കം അവരുടെ നേക്കു തിരിഞ്ഞു് കൈ ചുരുട്ടി കസേരയിൽ ഇടിക്കുകയും ചെയ്യും. അവരുടെ ദൃഢമായ അലസത സന്മാഗ്ഗദൃഷ്ട്യാ അനാശാസ്യമാണെന്നു് അവനു് തോന്നിയിരുന്നു. അവർ ജോലിചെയ്യാതെയിരുന്നാൽ, തന്റെജോലികൂടി വെള്ളത്തിലാകുമെന്നുള്ള ഭയമാണു് അവരോടു് ക്ഷമകേടു കാണിക്കുവാൻഅവനെ പ്രേരിപ്പിച്ചതു്. തങ്ങളുടെ കത്തവ്യത്തെ ഇങ്ങനെ ഒരു ബാലൻ തങ്ങളെ അനുസ്മരിപ്പിക്കുന്നതു കണ്ടു് അവർ ചിരിച്ചുകൊണ്ടു് അവനെ കളിയാക്കും. അവൻ ഉടനെ ചാടിയെഴുന്നേൽക്കും. താൻ പോയി അതെല്ലാം അധികാരികളെ അറിയിക്കുമെന്നു് അവൻ പറയുമ്പോഠം, അങ്ങനെ ചെയ്തുകൊള്ളാൻ അവർ അവനോടു് ഉപദേശിക്കും. അപ്പോഠം അങ്ങനെ പ്രവർത്തിച്ചാൽ, താനുഠംപ്പെടെയുള്ള ആ ക്ളാക്കുകളുടെ ഉദ്യോഗങ്ങളെല്ലാം തന്റെചെയ്തിമൂലം ഇല്ലായ്മചെയ്യുമെന്നുള്ള സംഗതി ഓത്തു് അവൻ അതിൽനിന്നു് വിരമിക്കുകയും ചെയ്യും. അവരുടെ ചിരി തന്നെ വേദനപ്പെടുത്തുന്നതുപോലെ അവൻ അവരെ നോക്കിക്കൊണ്ടു നിൽക്കും. അനന്തരം അവൻ തന്നെ ഡസ്കിൽ കുനിഞ്ഞിരുന്നു് കഴിയുന്നിടത്തോളം വശങ്ങഠം പകത്തുകയും, മററുള്ളവർ പകത്തിയതിലുള്ള തെററുകഠം തിരുത്തുവാനായി അവയെ പരിശോധിക്കുകയും ചെയ്യും. മററുള്ളവർ തന്നെ ആക്ഷേപിച്ചു പറയുന്ന നേരമ്പോക്കുകഠം താൻ കേട്ടില്ലെന്നു് അവൻ നടിക്കും. ചില ദിവസം വൈകു

ന്നേരം പകർത്തുവാനായി അയിച്ചിട്ടുള്ളതു് മുഴുവനും പകർത്തുവാനായി മററുള്ളവരെല്ലാം പോയതിനുശേഷം ഒരു മണിക്കൂർ കൂടി അവൻ ഓഫീസിലിരുന്നു് ജോലി ചെയ്യും. ശ്വാസം മുട്ടി ഏങ്ങിക്കൊണ്ടും, മനുഷ്യരിൽ നിന്നുണ്ടായ ഉപദ്രവത്തോടു് ഇപ്പോൾ വിധിവൈപരീത്യവും കൂടിച്ചേർന്നതിനാൽ, അതെല്ലാം തടയുന്നതിനു് താൻ അശക്തനാണെന്നുള്ള വിചാരം ജനിപ്പിച്ച തുറിച്ചനോട്ടത്തോടുകൂടിയും, അവൻ അക്കാഡമിയിൽ വരുന്നതും പ്രിൻസിപ്പാൾ കാണാറുണ്ടായിരുന്നു. അവനെ സമാധാനപ്പെടുത്തുവാനായി, പ്രിൻസിപ്പാൾ ''അരുതു്, അരുതു്'' എന്നു് അവനോടു പറയുകയും, ചിലപ്പോൾ സസ്നേഹം അവനെ കുററപ്പെടുത്തുകയും ചെയ്തുവന്നു.

കുററപ്പെടുത്തലുകളെയോ, സാന്ത്വനങ്ങളെയോ, അവൻ വകവച്ചിരുന്നില്ല. നഗരത്തിനു പുറമെ നിന്നു് രാവിലെ ഓഫീസിൽ എത്തുന്നതിനായി താൻ ബദ്ധപ്പെട്ടു് തെരുവുകളിലൂടെ നടന്നുപോകുന്നതിലും, ഉച്ചയ്ക്കു് ലഘുഭക്ഷണാർത്ഥം വീട്ടിലേക്കു് അതിവേഗത്തിൽ പോയി മൂന്നുമണിക്കു് കണിശമായി ഓഫീസിൽ തിരിച്ചെത്തുന്നതിനുവേണ്ടി പായുന്നതിലും അവൻ വിശേഷിച്ചു് ഒന്നും കണ്ടിരുന്നില്ല. കാറുകൂലി കൊടുക്കുവാനുള്ള കഴിവുകേടുകൊണ്ടോ, ഓഫീസിൽ സമയത്തിനു് എത്തത്തക്കവണ്ണം കാറു കിട്ടുകയില്ലെന്നുള്ള വിചാരം നിമിത്തമോ, അവൻ കാറിൽ കേറുക പതിവില്ലായിരുന്നു. വൈകുന്നേരമാകുമ്പോൾ അവനു് വളരെയധികം ക്ഷീണം തോന്നിയിരുന്നു. തന്റെ കൊച്ചുസഹോദരനായ നിന്നിയെ എടുത്തുകൊണ്ടു് നിൽക്കുന്നതിനുപോലും അവനു് ആ സമയത്തു് ശക്തിയുണ്ടായിരുന്നില്ല. വീട്ടിൽ തിരിച്ചെത്തിയ ഉടനെ തനിക്കു് ഇരുന്നേ മതിയാവൂ എന്നുതോന്നിയിരുന്നുതാനും.

തുരുമ്പുപിടിച്ച അഴികളുള്ളതും, നഗരപരിസരത്തിലുള്ള സസ്യത്തോട്ടങ്ങളിലേക്കു ദർശനമുള്ളതുനിമിത്തം തനിക്കു മനോഹരമായി തോന്നിയിരുന്നതുമായ ഒരു ചെറിയ ബാൽക്കണി അവൻെറ ഭവനത്തിലുണ്ടായിരുന്നു. പകൽ മുഴുവനും അങ്ങുമിങ്ങും ഓടി നടക്കുന്നതിനും ജോലി ചെയ്യുന്നതിനുമുള്ള പ്രതിഫലമായി ഈ ബാൽക്കണിയിൽ നിന്നിയെ മടിയിൽ വച്ചുകൊണ്ടിരിക്കുവാൻ അവൻ മോഹിച്ചിരുന്നു. പക്ഷെ. ഇപ്പോൾ മൂന്നുമാസം പ്രായമുണ്ടായിരുന്ന ആ കുഞ്ഞു് അവൻെറ മടിയിൽ അടങ്ങിയിരിക്കുകയില്ല. പകൽ മുഴുവനും അവനെ കാണായ്കയാൽ അവനോടു് മുഖപരിചയം കുറഞ്ഞിരുന്നതുകൊണ്ടും, കുഞ്ഞുങ്ങളെ എടുക്കുവാൻ അവനു് വശമില്ലാതിരുന്നതിനാലും നേഴ്സ് പറയാറുള്ളതുപോലെ കുഞ്ഞിനു് ഉറക്കം വന്നതുനിമിത്തവുമായിരിക്കാം 'നിന്നി' ഈ വൈമനസ്യം പ്രദർശിപ്പിച്ചതു്. 'കുഞ്ഞിനെ ഇങ്ങു തരണം, അതിനെ ഞാൻ ആട്ടിയുറക്കാം. പിന്നീടു് നിങ്ങളുടെ അത്താഴം തയ്യാറാക്കിത്തരാം' എന്നു് നേഴ്സ് പറയാറുണ്ടായിരുന്നു.

അത്താഴം കാത്തു് സീസറിനോ ബാൽക്കണിയിലിരിക്കും. സന്ധ്യാന്ത്യപ്രകാശത്തിൽ അവൻ അവിടെയിരുന്നു് നക്ഷത്രശൂന്യമായ വിളറിയ ആകാശത്തിലെ ശോഷിച്ച ചന്ദ്രനെ. ഒരുപക്ഷെ കാണാതെന്നെ നോക്കുകയും, പിന്നീടു് കീഴോട്ടുനോക്കി, ഒരുവശത്തു സസ്യത്തോട്ടങ്ങളുടെ പൊടിയണിഞ്ഞ ഉണങ്ങിയ വേലിയുള്ള നികൃഷ്ടവും ജനശൂന്യവും വൃത്തികെട്ടതുമായ ആ ചെറിയ തെരുവിൽ ദൃഷ്ടിപതിപ്പിക്കുകയും ചെയ്യുമ്പോൾ, ദാരിദ്ര്യത്താലുളവായ ഒരു കൊടുംനൈരാശ്യം തൻെറ ക്ഷീണിച്ച മനസ്സിൽ കുടികൊള്ളാറുണ്ടായിരുന്നു. നയനങ്ങളിൽ കണ്ണുനീർ പൊടിക്കുമ്പോൾ, പല്ലുകടിച്ചു്, അവിടെയുള്ള ഇരുമ്പഴികളെ മുറുകെ

പിടിച്ചുകൊണ്ടു്, ആ ഇടുങ്ങിയ തെരുവിലെ ഏകദീപത്തിൽ–സമീപത്തുള്ള അക്രമികളായ ബാലന്മാർ എറിഞ്ഞുപൊട്ടിച്ച രണ്ടു ഗ്ളാസ്സുകളോടുകൂടിയ ദീപത്തിൽ–തുറിച്ചുനോക്കി, തൻെറ സ്ക്കൂളിലെ യുവവിദ്യാർത്ഥികളെപ്പററിയും, ആ പ്രിൻസിപ്പാലിനെക്കുറിച്ചുപോലും ദുർവിചാരങ്ങാം അവനിൽ ഉണ്ടാകാറുണ്ടായിരുന്നു. പ്രിൻസിപ്പാലിനെ താൻ ഇതേവരെ വിശ്വസിച്ചിരുന്നതുപോലെ മേലാൽ വിശ്വസിക്കുവാൻ പാടില്ലെന്നു് അവനു തോന്നും. എന്തെന്നാൽ, പ്രായേണ തനിക്കുതന്നെ വേണ്ടിയാണു്, താൻ ദയാലുവാണെന്നു തോന്നിപ്പിക്കുന്നതുനിമിത്തമുള്ളസന്തോഷം അനുഭവിക്കുവാനാണു് അദ്ദേഹം അന്യനായ തനിക്കു് ഗുണം ചെയ്യുന്നതെന്നു് സീസറിനോ വിചാരിച്ചിരുന്നു. ഈ സഹായങ്ങാം അദ്ദേഹത്തിൽ നിന്നു സ്വീകരിക്കുമ്പോഠം സീസറിനോയിക്കു ലജ്ജയുംഅപകർഷവുംതോന്നിയിരുന്നു. 'താൻഅതു ചെയ്തിട്ടുണ്ടോ? എങ്ങനെചെയ്തു?' എന്നും മററുമുള്ളതും തന്നെ ലജ്ജകൊണ്ടു കുമ്പിടുവിക്കുന്നതുമായ അസഭ്യചോദ്യങ്ങാം തന്നോടു ചോദിക്കാറുള്ള തൻെറ ഓഫീസിലെ കൂട്ടുകാരെയും അവൻ വെറുത്തിരുന്നു. ഒരുദിവസം വൈകുന്നേരം ഒരു കുരുടനെപ്പോലെ അവൻ തെരുവിലൂടെ ഓടിപ്പോകുമ്പോഠം, ഒരു ഗണികയും അവനും തമ്മിൽ കൂട്ടിമുട്ടുകയുണ്ടായി. അവനെ പിടിച്ചു തള്ളുന്ന നാട്യത്തിൽഅവഠം അവനെ ആലിംഗനംചെയ്തു് അവൻെറമാതാവു് ഉപയോഗിച്ചിരുന്ന പരിമളം തന്നെ അവനെ ശ്വസിപ്പിച്ചു. ഒരു നിലവിളിയോടുകൂടി അവൻ അവളിൽനിന്നു രക്ഷപ്പെട്ടു് ഓടിപ്പോവുകയും ചെയ്തു.ഈ സംഭവം ഓർക്കുമ്പോഠം അവൻ കരയാറുണ്ടായിരുന്നു. ''ബ്രഹ്മചാരി'' എന്ന അവളുടെ പരിഹാസവാക്കു് കേട്ടപ്പോഠം, അവനു വേദനതോന്നിയിരുന്നു.ഈ സംഭവം ഓക്കുമ്പോഴും

അവൻ പല്ലുകടിച്ചുകൊണ്ടു് ആ ഇരുമ്പഴിയിൽ മുറുകെ പിടിക്കും. ഇല്ല, ഇല്ല, താൻ അതു് ഒരിക്കലും ചെയ്യുകയില്ല. എന്തെന്നാൽ, തൻെറ മാതാവു് ഉപയോഗിച്ചിരുന്ന പരിമളം-താൻ എന്നും അക്കാര്യം സംബന്ധിച്ചു് ഓർമ്മിക്കുന്നതാണു്.

നിശ്ശബ്ദമായ ആ രാത്രിയിൽ നേഴ്സ് കുഞ്ഞിനെ ആട്ടിയുറക്കുന്ന ശബ്ദവും, വേലിക്കപ്പുറം തോട്ടക്കാരൻ പമ്പിൻെറ കുഴലിൽക്കൂടി വെള്ളം ചിതറിച്ചു ചെടികളെ നനയ്ക്കുന്ന ഒച്ചയും കേട്ടുകൊണ്ടു് അവൻ ഇരുന്നിരുന്നു. വെള്ളം വീഴുന്ന ശബ്ദം തനിക്കു് ആശ്വാസകരമായി തോന്നിയിരുന്നതിനാൽ, അവൻ അതിനെ ഇഷ്ടപ്പെട്ടിരുന്നു. തോട്ടക്കാരൻെറ ശ്രദ്ധക്കുറവുനിമിത്തം വെള്ളം ഒരു സ്ഥലത്തുതന്നെ അധികമായി വീഴുന്നതു് കേൾക്കുമ്പോൾ, അവനു നീരസം തോന്നും. അതിൻെറ ശബ്ദംകൊണ്ടു് അങ്ങിനെ സംഭവിക്കുന്നു എന്നു് അവൻ അറിഞ്ഞിരുന്നു. തൻെറ മാതാവു് വൈകുന്നേരം 5 മണിക്കു് വീട്ടിലുണ്ടായിരുന്ന അപൂർവ്വസന്ദർഭങ്ങളിലൊന്നിൽ ഒരു അതിഥിക്കു് ചായകൊടുത്തിരുന്ന ചെറിയ മേശയിൽ വിരിച്ചിരുന്ന നീലവക്കുകളും, അയഞ്ഞ തൊങ്ങലുമുള്ള ചിത്രമേശവിരിപ്പിനെക്കുറിച്ചു് അവനു് ഇപ്പോൾ ഓർമ്മവന്നതിനു കാരണമെന്തു്? ആ മേശവിരിപ്പു്, നിന്നിയുടെ കുപ്പായം, മാതാവിൻെറ രസികത്വം, അവളുടെ കലാവാസന എന്നിവയും അവൻ അപ്പോൾ ഓർത്തു. ഇപ്പോഴാകട്ടെ ഒരു മുഷിഞ്ഞ വിരിപ്പാണു് മേശയിലുണ്ടായിരുന്നതു്. അത്താഴം തയ്യാറാക്കിയിട്ടില്ല. തൻെറ ശയ്യ വിരിച്ചിട്ടുമില്ല. ആ കുഞ്ഞിനെയെങ്കിലും വേണ്ടതു പോലെ ശുശ്രൂഷിച്ചാൽ മതിയായിരുന്നു. പക്ഷെ ഇതും ചെയ്യുന്നില്ല. കുഞ്ഞിൻെറ കൊച്ചുടുപ്പും മററും വൃത്തികെട്ടിരുന്നു. നേഴ്സിനെ കുററംപറഞ്ഞാൽ അവൾ

കോപിക്കും. താൻ അവിടെയില്ലാതെയിരിക്കുമ്പോഠ ഇതിന്നു പ്രതികാരമായി അവഠ കുഞ്ഞിനെ ഉപദ്രവിക്കാനും ഇടയുണ്ടു്. കൂടാതെ, കുഞ്ഞിനെ നോക്കാനുള്ളതുകൊണ്ടു് വീടു നന്നാക്കുവാനോ ആഹാരം തയ്യാറാക്കുവാനോ തനിക്കു സമയമില്ലെന്നു് അവഠക്കു സമാധാനം പറയാവുന്നതാണു്. അതുപോലെതന്നെ കുഞ്ഞിനെ വേണ്ടതുപോലെ ശുശ്രൂഷിക്കാതെയിരിക്കുന്നതു് വീട്ടുജോലിനിമിത്തമാണെന്നും അവഠക്കു് പറയാം. ഒരു മരക്കുററിക്കു സദൃശമായ ശരീരമുള്ളവളും വിരൂപിണിയും നാട്ടുമ്പുറത്തുകാരിയുമായ ആ നേഴ്സ് മോടിയായി വസ്ത്രം ധരിച്ചു് ഒരു സുന്ദരിയാകുവാൻ ഇപ്പോഠ ശ്രമിച്ചുവന്നിരുന്നു. ഇങ്ങനെയെല്ലാമായിരുന്നാലും, അവഠ കുഞ്ഞിന്നു വേണ്ടതുപോലെ ആഹാരം കൊടുത്തുവന്നു. തന്നിമിത്തം അതിൻെറ വസ്ത്രാദികഠ മുഷിഞ്ഞിരുന്നെങ്കിലും, ശരീരം തടിച്ചു കൊഴുത്തിരുന്നു. ഹാ! കുഞ്ഞിനു് തൻെറ മാതാവിനോടു് വളരെയധികം സാദൃശ്യമുണ്ടല്ലോ! കണ്ണും, മൂക്കും, വായും മാതാവിൻേറതുതന്നെ. കുഞ്ഞിനു് സീസറിനോയുടെ ഛായയുണ്ടെന്നു് അവനെ പറഞ്ഞു ധരിപ്പിക്കുവാൻ നേഴ്സ് ശ്രമിച്ചിരുന്നു. അതു് വെറും അബദ്ധമാണു്. ആരുടെ ഛായയാണു് അതിന്നുള്ളതെന്നു് ഈശ്വരന്നു മാത്രമെ അറിയാവൂ. തൽക്കാലം തനിക്കു് അതു് അറിയുവാൻ താൽപര്യമില്ല. തനിക്കു് മാതാവിൻെറ ഛായയുണ്ടെന്നുള്ളതു മാത്രം അറിഞ്ഞിരുന്നാൽ മതി. അവൻെറ കൊച്ചു മുഖത്തു് ഉമ്മവയ്ക്കുമ്പോഠ, തനിക്കു് തൽക്കാലം കണ്ടുപിടിക്കേണ്ട ആവശ്യമില്ലാത്ത ആ അന്യനെ സ്മരിപ്പിക്കുന്ന യാതൊരു ലക്ഷണങ്ങളും അതിൽ കാണാതെയിരുന്നതുനിമിത്തം സീസറിനോയ്ക്കു് ആനന്ദം തോന്നിയിരുന്നതാനും.

# 6

അത്താഴം കഴിച്ചയുടനെ ഭക്ഷണമേശയ്ക്കു മുമ്പിലിരുന്നുതന്നെ സീസറാനോ പഠിത്തം തുടങ്ങും. സർവ്വകലാശാലയിൽ പ്രവേശിക്കുന്നതിനുള്ള പരീക്ഷയിൽ അടുത്തകൊല്ലം ചേരണമെന്നു് അവൻ ഉദ്ദേശിച്ചിരുന്നു. ഭാഗ്യമുണ്ടെങ്കിൽ, പരീക്ഷ ജയിച്ചാൽ, തനിക്കു ഫ്റീ സ്കോളർഷിപ്പും കിട്ടും. നിയമവിദ്യാലയത്തിൽ ചേരണമെന്നായിരുന്നു അവൻെറ മോഹം. ഒരു ഡിഗ്രി കരസ്ഥമാക്കിയാൽ, തനിക്കു് അപ്പോഴം ജോലിയുണ്ടായിരുന്ന വിദ്യാഭ്യാസമന്ത്രിയുടെ ഓഫീസിൽ ഒരു സെക്രട്ടറിയുദ്യോഗം കിട്ടുവാനിടയുണ്ടു്. ഒരു ക്ലാക്കിൻെറ താഴ്ന്നതരം ജോലിയിൽ നിന്നു് കഴിയുന്നിടത്തോളം വേഗത്തിൽ ഉയൎന്ന ഉദ്യോഗത്തിൽ കേറണമെന്നായിരുന്നു അവൻ വിചാരിച്ചിരുന്നതു്. പക്ഷെ, ചിലരാത്രികളിൽ താൻ പഠിച്ചുകൊണ്ടിരിക്കുമ്പോഴം, ഒരു കൊടും നൈരാശ്യം തന്നെ ആക്രമിച്ചു് കീഴടക്കുന്നതായി അവനു തോന്നാറുണ്ടായിരുന്നു. തനിക്കു് പഠിക്കേണ്ടതായിരുന്ന വിഷയങ്ങൾ തൻെറ ദൈനംദിനജോലിയിൽനിന്നു് എത്രയധികം അകന്നിരിക്കുന്നു! ഈ വിദൂരബോധത്തിൽ ലയിച്ചു്, തൻെറ പ്രയത്നം നിഷ്ഫലമാണെന്നും, അതിനു് ഒരു അന്തമില്ലെന്നും ഒരിക്കലും അന്തമുണ്ടാകുന്നതല്ലെന്നുമുള്ള ഒരു വിചാരവും അവനിൽ ജനിച്ചിരുന്നു. സാമാന്യശൂന്യങ്ങളായ ആ മൂന്നുമുറികളുടെയും ഗാഢമായ നിശ്ശബ്ദതയിൽ, പുസ്തകം നല്ലവണ്ണം കാണുവാനായി താൻ ചുമരിൽനിന്നെടുത്തു്

മേശപ്പുറത്തു വച്ചിരുന്ന ഘ്യണ്ണവിളക്കിൽനിന്നു് പുറപ്പെടുന്ന ശബ്ദം അവനു കേഠക്കാമായിരുന്നു. മൂക്കേൽനിന്നു് അവൻ കണ്ണാടി എടുക്കും. അർദ്ധോന്മീലിത നയനങ്ങളോടുകൂടി അവൻ വിളക്കിൽ നോക്കും. കണ്ണിൽനിന്നു് കണ്ണീർത്തുള്ളികഠം, തൻെറ മുമ്പിൽ തുറന്നുവച്ചിരുന്ന പുസ്തകത്തിൽ വീഴുകയും ചെയ്യും.

ഇവയെല്ലാം താൽക്കാലിക ഭാവനകഠം ആയിരുന്നു. പിറേറദിവസം രാവിലെ, ഉരുണ്ട തോളുകഠംക്കിടയിൽക്കൂടി തൻെറ കൃശവും വെള്ളമെഴുകിനു തുല്യം വിളറിയതുമായ മുഖം നീട്ടിവച്ചുകൊണ്ടു്, കർണ്ണപര്യന്തം നീണ്ടുകിടന്നിരുന്ന മൃദുവും അനാരോഗ്യസൂചകവുമായ തലമുടിയോടും, തുളച്ചുകയറുന്ന പ്രകാശമേറിയ കണ്ണുകഠംക്കു് ഒരു വിശേഷദീപ്തി നൽകുന്നതും കൃശനാസികയിൽ കുഴിഞ്ഞുചേന്നിരുന്നതുമായ ശക്തിയേറിയ മുക്കുകണ്ണാടിയോടും കൂടി, അവൻ ശാഠ്യപൂർവ്വം തൻെറ ജോലിക്കു് പോവുകയും ചെയ്യും.

കൂടെക്കൂടെ തൻെറ പഴയ വേലക്കാരിയായ റോസ അവനെ സന്ദർശിക്കാറുണ്ടായിരുന്നു. നേഴ്സിൻെറ അക്രമങ്ങഠം അവഠം ക്രമേണ അവനെ ധരിപ്പിച്ചു. അവനു് മുന്നറിവു കൊടുക്കുവാനായി അയൽപക്കക്കാരികഠം, നേഴ്സിനെപ്പററി പറയാറുള്ള കഥകഠം റോസ അവനെ അറിയിക്കുകയും ചെയ്തു. ആദ്യം സീസറിനോ ഇതു കേട്ടതായി ഭാവിച്ചില്ല. കുശുമ്പുകൊണ്ടു് റോസ ഇങ്ങനെ പറയുന്നതാണെന്നു് അവൻ വിചാരിച്ചു. എന്നാൽ, അവളെ പറഞ്ഞയയ്ക്കാതെയിരിക്കുവാനായി, കുഞ്ഞിനു് ആദ്യം തന്നെ അണുനിർമ്മുക്തമായ പാലു കൊടുത്താൽ മതിയെന്നും, അതുകൊടുത്തു വളർത്തുന്ന കുട്ടികഠം നന്നായി വളന്നിട്ടുണ്ടെന്നു് അവരുടെ തള്ളമാർ തന്നെ പറയുന്നതു് താൻ കേട്ടിട്ടുണ്ടെന്നും റോസ അവനോടു പറഞ്ഞിരുന്നു. ഒടുക്കം നേഴ്സിനു്

രണ്ടുമാസം ഗർഭമുണ്ടെന്നു് സീസറിനോ കണ്ടുപിടിച്ച പ്പോറം, റോസ പറഞ്ഞതു ശരിയാണെന്നു് അവനു സമ്മതിക്കേണ്ടതായി വന്നു. അവൻ നേഴ്സിനെ പറഞ്ഞയച്ചു. ആ രണ്ടു് അനാഥരുടെ സേവനാർത്ഥം വരാൻ മോഹമുണ്ടായിരുന്ന ദയാശീലയായ വൃദ്ധ റോസ, കുഞ്ഞിനെ സ്നേഹപുരസ്സരം ശുശ്രൂഷിച്ചുവന്നതു നിമിത്തം ഭാഗ്യവശാൽ അതിനു് യാതൊരു ദൂഷ്യവും ഉണ്ടായതുമില്ല.

ഇപ്രകാരം താൻ പ്രയാസപ്പെട്ടു നേടുവാൻ ശ്രമിച്ചതായ സമാധാനത്തിൻെറ മാധുര്യം മുഴവനും ഒട്ടക്കം സീസറിനോയ്ക്കു് അനുഭവിക്കുവാൻ കഴിഞ്ഞു. തൻെറ നിന്നിയെ ഗുണവതിയായ ഒരു സ്ത്രീയാണു് വളത്തിവരുന്നതെന്നു് അവൻ അറിഞ്ഞിരുന്നു അതുകൊണ്ടു് സമാധാനമായി തൻെറ ഓഫീസു് ജോലി ചെയ്യുന്നതിനും, പരീക്ഷയ്ക്കു പഠിക്കുന്നതിനും അവനുസാധിച്ചു. താൻ വൈകുന്നേരംവീട്ടിൽ തിരിച്ചുവരുമ്പോറംഎല്ലാം വേണ്ടതുപോലെ ഒരുക്കിയിരുന്നു. നിന്നിയെ ഒരു മണവാളനു തുല്യമാക്കി അണിയിച്ചിരിക്കുന്നതും, അത്താഴം വേണ്ടതുപോലെ തയ്യാറാക്കിയിരിക്കുന്നതും, ശയ്യ തയ്യാറാക്കിയിരിക്കുന്നതും അവൻ അപ്പോറം കാണും. കുഞ്ഞിൻെറ ആദ്യത്തെ വ്യക്തമായ വിളികളും കളികളും അവനിൽ പരമാനന്ദം ജനിപ്പിച്ചു. അവൻ ഒന്നിരാടം നിന്നിയെ തൂക്കിനോക്കിയിരുന്നു. റോസ പറഞ്ഞതു് വകവയ്ക്കാതെ കൃത്രിമ ആഹാരം മാത്രം കുഞ്ഞിനു നൽകുന്നതുനിമിത്തം അതു് ക്ഷീണിച്ചുപോകുമെന്നു് ഭയപ്പെട്ടതുകൊണ്ടാണു് അവൻഇങ്ങനെ ചെയ്തതു്.

സീസറിനോ ഇങ്ങനെ പറയും:- 'എന്നെക്കാറം ഇവനു് ഘനം കൂടുതലുണ്ടെന്നു് നീ വിചാരിക്കുന്നില്ലേ? ഇവനു് ഇവൻെറ ഊത്തു് എപ്പോഴുംവായ ലുണ്ടു്'' മുലക്കുപ്പിയുടെ നിപ്പിളിനെയാണു് ഊത്തെന്നു് അ

വൻ വിളിച്ചതു്. പിന്നെയും, ''നിന്നി, ഒരു വാദ്യം വായിക്കു'എന്നു് സീസറിനോപറയും.ഇതുകേട്ടു നിന്നി അങ്ങനെ ചെയ്യുകയും ചെയ്യും, രണ്ടുതവണ അവനോടു് പറയേണ്ട ആവശ്യമില്ല. അന്യർ തൻെറ മുലക്കുപ്പി പിടിക്കുന്നതു് നിന്നി ഇഷ്ടപ്പെട്ടിരുന്നില്ല. അതു് അവൻതന്നെ പിടിച്ചുകൊണ്ടു് പരമാനന്ദത്തിൽ ലയിച്ചു് കണ്ണടയ്ക്കും. അതു് അവർ രണ്ടുപേരും അതിയായസന്തോഷസഹിതം നോക്കിക്കൊണ്ടിരിക്കും. കുപ്പിയിലുള്ള പാൽ മുഴുവനും കുടിച്ചു തീരുന്നതിനു മുമ്പു് അവൻ പലപ്പോഴും ഉറങ്ങിപ്പോകാറുള്ളതിനാൽ, അവർ ശ്വാസംപോലും വിടാതെ നിശ്ശബ്ദമായി എഴുന്നേററു് അവനെ തൊട്ടിയിൽ കൊണ്ടു കിടത്തുകയും ചെയ്യും.

ഇരട്ടിച്ച ഉൽസാഹപൂർവ്വം സീസറിനോ പഠിച്ചു തുടങ്ങിയതിനാൽ, വാട്ടർലൂയിൽവച്ചു് നെപ്പോളിയൻ ബോണപ്പാർട്ടിനു പററിയ പരാജയത്തിൻെറ കാരണം അവനു് ഇപ്പോരം നല്ലതുപോലെ മനസ്സിലാക്കുവാൻ സാധിച്ചു.

## 7

ഒരുദിവസം വൈകുന്നേരം പതിവുപോലെതൻെറ നിന്നിയുടെ ചുംബനങ്ങരം കാംക്ഷിച്ചുകൊണ്ടു് സീസറിനോ വീട്ടിൽ തിരിച്ചുവന്നപ്പോരം, റോസ അവനെ പടിക്കൽ തടഞ്ഞുനിത്തി,അവനെ കാണുന്നതിനായി ഒരാരം അരമണിക്കൂർ നേരമായി അകത്തു കാത്തിരിക്കുന്നു എന്നു് അവരം അവനോടു് പറഞ്ഞു. ക്രമത്തിലധ

KOTTAYAM PUBLIC LIB. KOTTAYAM.

ധികം പൊക്കവും,നരച്ച തലമുടിയും, ഇരുണ്ട മുഖവും, അപ്രസന്നതയും ഗൗരവവും നിറഞ്ഞമുഖഭാവവും, ദുഃഖ വസ്ത്രങ്ങളും, ഒരു അമ്പതു വയസ്സു പ്രായവുമുള്ള ഒരു പുരുഷനെയാണു് സീസറിനോ അകത്തു കണ്ടതു്. വാതിൽക്കലെ മണിനാദം കേട്ടയുടനെ ആ അന്യൻ എഴുന്നേററു് ചെറിയ ഭക്ഷണമുറിയിൽ അവനെ കാത്തു നിന്നിരുന്നു,

സീസറിനോ [ഭീതിയോടും ഇതികത്തവ്യതാമൂഢതയോടും]- ''നിങ്ങഠക്കു് എന്നോടു് വല്ലതും പറയാനുണ്ടോ?''

അന്യൻ—ഉണ്ടു്. നിങ്ങളോടു തനിച്ചു്.

സീസറിനോ—അകത്തുവരണം.

തൻെറ ശയനമുറിയുടെ വാതിൽ ചൂണ്ടിക്കാണിച്ചുകൊണ്ടു് സീസറിനോ, അതിഥി അകത്തു കടക്കുന്നതിനായി മാറിനിന്നു. അനന്തരം വിറയ്ക്കുന്നകരങ്ങഠകൊണ്ടു് വാതിൽ അടച്ചശേഷം അവൻ അതിഥിയുടെനേക്കു തിരിഞ്ഞു. അവൻെറ മുഖത്തു് സംഭ്രമവും വിളർച്ചയും കാണാമായിരുന്നു. മൂക്കുകണ്ണാടിക്കു പിറകിലായി അവൻെറ കണ്ണുകഠ മുന്നോട്ടു് ഉന്തിനിന്നിരുന്നു. അവൻെറ പുരികം ചുളുങ്ങിയിരുന്നു.

സീസറിനോ—അൽബെർട്ടോ ആണോ?

അന്യൻ-അതെ, അൽബെർട്ടോ റോച്ചി. ഞാൻ വന്നതു്...

താൻ ആ അന്യനെ അധിക്ഷേപിക്കുവാൻ ഭാവിച്ചതുപോലെ ചുളുങ്ങിയതും വക്രിച്ചതുമായ മുഖത്തോടുകൂടി അവൻ അയാളുടെ സമീപത്തേക്കുചെന്നു.

സീസറിനോ—എന്തിനു്? നിങ്ങഠ എൻെറ വീട്ടിൽ വന്നതെന്തിനു്?

അന്യൻ വിളർച്ചപൂണ്ടു, കോപമടക്കി, അൽപം പിന്മാറി.

അന്യൻ–ഞാൻ പറയട്ടെ. ഉത്തമമായ ഉദ്ദേശത്തോടുകൂടിയാണു് ഞാൻ വന്നിട്ടുള്ളതു്.

സീസ–എന്തുദ്ദേശം? എൻെറ അമ്മ മരിച്ചുപോയി.

അന്യൻ–അതു് എനിക്കു് അറിയാം.

സീസ–ഹാ, അതു നിങ്ങഠംക്കു് അറിയാമോ? ഇപ്പോഠം തന്നെ ഇവിടെനിന്നു പൊയ്ക്കൊള്ളണം. ഇല്ലെങ്കിൽ, നിങ്ങഠം പശ്ചാത്താപപ്പെടേണ്ടിവരും!

അന്യൻ–ക്ഷമിക്കണം.

സീസ–എന്നെ ലജ്ജിപ്പിക്കുന്നതിനായി നിങ്ങഠം ഇവിടെ വന്നതുകണ്ടു് എനിക്കു വ്യസനമുണ്ടു്.

അന്യൻ–അല്ല ...ക്ഷമിക്കണം,

സീസ–നിങ്ങളെ കാണുന്നതുതന്നെ ലജ്ജാകരമാണു്. അതു പോകട്ടെ. നിങ്ങഠംക്കു് എന്തുവേണം?

അന്യൻ (അസ്വാസ്ഥ്യപൂർവ്വം) — ക്ഷമിക്കണം. നിങ്ങഠം എന്നെ സംസാരിക്കുന്നതിനു സമ്മതിക്കുന്നില്ലല്ലൊ. ദേഷ്യം കളയണം. എനിക്കു് അതിൻെറ കാരണം മനസ്സിലായി. പക്ഷെ, ഞാൻ പറ.......

സീസ–(ശാഠ്യപൂർവ്വവും വിറയലോടുംകൂടി തൻെറ ശോഷിച്ച ചുരുട്ടിയ മുഷ്ടികഠം ഉയർത്തിക്കൊണ്ടു്)— വേണ്ടാ. അതിനെപ്പററി എനിക്കു് ഒന്നും കേഠംക്കണ്ടാ, കേട്ടോ? എനിക്കു് ഒരു സമാധാനവും കേഠംക്കണ്ടാ. എൻെറ മുമ്പിൽ വരാൻ നിങ്ങഠംക്കു് ധൈര്യമുണ്ടായല്ലൊ! ഇവിടെനിന്നു് ഇറങ്ങിപ്പോകണം.

അന്യൻ (ക്ഷമയററു് പതുക്കെ)– എൻെറ മകൻ ഇവിടെയുണ്ടല്ലൊ.

സീസ (ഉറക്കെ)– നിങ്ങളുടെ മകനോ! ഹാ, അതിനാണോ നിങ്ങഠം വന്നതു്? ഇപ്പോഴാണു് ആ സംഗതി ഓർമ്മിച്ചതു്,അല്ലേ?

അന്യൻ—ഇതിനു മുമ്പ് വരാൻ സാധിച്ചില്ല. ഞാൻ പറയുന്നതു് നിങ്ങറം കേറംക്കമെങ്കിൽ....

സീസ—എന്താണു നിങ്ങറം പറയുന്നതു്? ഇവിടെനിന്നു് പോകണം. നിങ്ങറം എന്റെ അമ്മയെ കൊന്നു. പോകണം. ഇല്ലെങ്കിൽ ഞാൻ നിലവിളിക്കും.

റോച്ചി കണ്ണുകറം പാതി അടച്ചു. ഒരു ദീർഘശ്വാസം ചെയ്തതിനുശേഷം അദ്ദേഹം ഇങ്ങനെ പറഞ്ഞു:— ''എങ്കിൽ കൊള്ളാം, മററു മാർഗ്ഗങ്ങറം സ്വീകരിച്ചു് എന്റെ അവകാശം സ്ഥാപിക്കുവാൻ എനിക്കറിയാം''

അദ്ദേഹം യാത്രയാകുന്നതിനു ഭാവിച്ചു.

സീസ—(കോപാന്ധനായി)—അവകാശമോ? എടാ ദ്രോഹി! എന്റെ അമ്മയെ കൊന്നതിനു ശേഷം നിനക്കു് സ്ഥാപിച്ചുകിട്ടേണ്ടതായ അവകാശമുണ്ടെന്നു് നീ വിചാരിക്കുന്നോ? എന്റെ നേർക്കോ? അവകാശമോ?

റോച്ചി കോപം നിറഞ്ഞ ഒരു നോട്ടം അവനിൽ പതിപ്പിച്ചു. അനന്തരം തന്നിൽ ശകാരം വർഷിച്ചുകൊണ്ടിരുന്ന ആ കൃശനെ കണ്ടു് അദ്ദേഹം നിന്ദയും അനുകമ്പയും കലന്ന ഭാവത്തോടുകൂടി പുഞ്ചിരിയിട്ടു,

അന്യൻ—നമുക്കു് പരീക്ഷിച്ചുനോക്കാം.

അദ്ദേഹം ഉടനെതന്നെ അവിടെനിന്നു പോവുകയും ചെയ്തു. തന്റെ ഓമന സോദരൻ തനിക്കു് നഷ്ടമാകുമെന്നുള്ള ഭയവും, ലജ്ജയും കോപവും, ഒന്നുചേന്ന തന്റെ ഭീരുവായ ക്ഷീണാത്മാവിൽ ജനിപ്പിച്ച സംഭ്രമം നിമിത്തം വിറച്ചുകൊണ്ടു് സീസാനോ അടച്ച വാതിലുള്ള ആ മുറിയിൽ ഇരുട്ടത്തു നിലകൊണ്ടു: പിന്നീടു് കഴിയുന്നിടത്തോളം ശാന്തമായി അവൻ റോസയുടെ മുറിയുടെ വാതിൽക്കൽ ചെന്നു തട്ടി. കുഞ്ഞിനെ മുറുകെ പിടിച്ചുകൊണ്ടു് അവറം മുറിക്കകത്തു കയറി-അതു പൂട്ടിയിരിക്കുകയായിരുന്നു.

റോസ—എനിക്കു കാര്യം മനസ്സിലായി, മനസ്സിലായി.

സീസ—അയാൾക്കു നിന്നിയെ വേണംപോലും.

റോസ-അയാൾക്കോ?

സീസ—അതെ, അയാൾക്കവകാശമുണ്ടുപോലും. ഈ അവകാശം സ്ഥാപിക്കണമെന്നും അയാൾക്കു് മോഹമുണ്ടു്.

റോസ-അയാൾക്കോ? അയാൾക്കു് അവകാശമുണ്ടെന്നു് ആരു സമ്മതിച്ചുകൊടുക്കും?

സീസ-അയാൾ കുഞ്ഞിൻെറ അച്ഛനാണു്. പക്ഷേ, ഇപ്പോൾ അയാൾക്കു് അതിനെ എൻെറ പക്കൽനിന്നു് എടുത്തുകൊണ്ടുപോകുവാൻ സാധിക്കുമോ? ഒരു പട്ടിയെ എന്നപോലെ ഞാൻ അയാളെ ഓടിച്ചു. എൻെറ അമ്മയെ കൊന്നതു് അയാളാണെന്നും ഞാനാണു് ആ കുഞ്ഞിനെ വളർത്തിയതെന്നും അതുമുതൽക്കു് കുഞ്ഞു് എൻെറതായിത്തീർന്നു എന്നും ഞാൻ അയാളോടു പറഞ്ഞു. ഒരുത്തനും അതിനെ എന്നിൽനിന്നു് വേർപെടുത്തുവാൻ സാധിക്കുകയില്ല, അതു് എൻേറതാണു്. ദുഷ്ടനായ ആ കൊലപാതകി....

റോസ—(സീസറിനേയേക്കാളധികം അസ്വസ്ഥയായി) അതെ, അതെ. സമാധാനപ്പെട്ടിരിക്കണം, കൊച്ചുങ്ങുന്നേ. അയാൾ ബലം പ്രയോഗിച്ചാലും, കൊച്ചുങ്ങുന്നിൻെറ പക്കൽ നിന്നു് അതിനെ എടുത്തുകൊണ്ടുപോകാൻ അയാൾക്കു് സാധിക്കുകയില്ല. അയാൾക്കു് അവകാശമുണ്ടെങ്കിൽ, സ്ഥാപിക്കട്ടെ. നാം ഇങ്ങിനെയെല്ലാം വളർത്തിയതിനുശേഷം, വല്ലവരുംവന്നു് നിന്നിയെഎടുത്തുകൊണ്ടുപോകുന്നതുകാണട്ടെ. പേടിക്കണ്ടാ, കൊച്ചുങ്ങുന്നേ. കൊച്ചുങ്ങുന്നു് കൊടുത്ത സമ്മാനത്തിനുശേഷം, അയാൾ ഇവിടെ തിരിച്ചുവരികയില്ല.

അന്നു സന്ധ്യ മുഴവൻ റോസ അതു് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. ഈ വാക്കുകളോ, മററു സാന്ത്വനവാക്കുകളോ, സീനറിനോയെ സമാധാനപ്പെടുത്തിയിരുന്നില്ല. പിറേറദിവസം ഓഫീസിലിരിക്കുമ്പോൾ, അവർ യഥാർത്ഥമായ യാതന, അന്തമില്ലാത്ത യാതന, അനുഭവിക്കുകയുണ്ടായി. ശ്വാസംമുട്ടലോടുകൂടി അവൻ ഓഫീസിൽനിന്നു് വീട്ടിലേയ്ക്കു് ഓടിപ്പോയി. ഉച്ചതിരിഞ്ഞു് മൂന്നുമണിക്കു് ഓഫീസിലേയ്ക്കു തിരിച്ചുപോകുവാൻ അവനു മനസ്സുവന്നില്ല. ഒടുക്കം, താൻ വാതിൽ ഭദ്രമായി ബന്ധിച്ചിട്ടാണെന്നും, താൻ അതു് ഒരുത്തക്കും തുറന്നുകൊടുക്കുന്നതല്ലെന്നും, നിന്നിയെ ഒരു നിമിഷംപോലും താൻ പിരിഞ്ഞിരിക്കുകയില്ലെന്നും റോസ ഉറപ്പുകൊടുത്തു് അവനെ ഒരുവിധത്തിൽ ഓഫീസിലേയ്ക്കുപറഞ്ഞയച്ചു. പതിവുള്ള വൈകുന്നേരത്തെ ക്ലാസിലേക്കു സ്കൂളിൽ പോകാതെ അവൻ അന്നു് ആറുമണിക്കു് വീട്ടിൽ തിരിച്ചുവരികയും ചെയ്തു.

പരിഭ്രമംകൊണ്ടു് സ്തംഭിച്ചതുപോലെ അവൻ പ്രവർത്തിക്കുന്നതു കണ്ടു്, അവനെ ഉണർത്തുവാനായി പഠിച്ച വിദ്യ പതിനെട്ടും റോസ പ്രയോഗിച്ചു. പക്ഷെ, അതുകൊണ്ടു് ഫലമുണ്ടായില്ല. തന്റെ മനസ്സിനെ കരണ്ടുതിന്നു് അതിനു് അസ്വാസ്ഥ്യമുണ്ടാക്കിയ ഒരു അശുഭപൂർവ്വജ്ഞാനം അവനുണ്ടായിരുന്നു. രാത്രി മുഴവനും അവൻ ഉറങ്ങാതെ കിടന്നു.

പിറേറ ദിവസം ഉച്ചയ്ക്കു് ഭക്ഷണം കഴിക്കുവാൻ അവൻ വീട്ടിൽ വന്നില്ല. അതിനു കാരണം റോസയ്ക്കു മനസ്സിലായതുമില്ല. ഒടുക്കം നാലുമണിയാകാ

റായപ്പോഠം, ശ്വാസംമുട്ടി, വിളർച്ചപൂണ്ടു്, ഭയങ്കരമായി ജ്വലിക്കുന്ന നയനങ്ങളോടുകൂടി അവൻ അവിടെ വന്നതു് അവഠം കണ്ടു.

സീസ-അയാഠംക്കു് നിന്നിയെ കൊടുത്തെ മതിയാവൂ. കേസ്ററുടെ ഓഫീസിൽ ഹാജരാകാൻ എനിക്കു് സമൻസ് കിട്ടി. അയാളും അവിടെ ഉണ്ടായിരുന്നു. അയാഠം അമ്മയുടെ കത്തുകഠം ഹാജരാക്കി. കുഞ്ഞു് അയാളുടേതാണു്.

റോസ എടുത്തിരുന്ന നിന്നിയെ നോക്കാതെ മുറിഞ്ഞ ചെറിയ പദങ്ങഠം പ്രയോഗിച്ചാണു് അവൻ ഇങ്ങനെ പറഞ്ഞതു്.

റോസ (നിന്നിയെ മാറോടു് അണച്ചുകൊണ്ടു്)—അയ്യോ, എൻെറ കൊച്ചു് ഓമനേ! അയാഠംക്കു് അതു് എങ്ങനെ അനുവദിച്ചുകൊടുത്തു? അയാഠം എന്തു പറഞ്ഞു? നിന്നി....

സീസ—അയാഠം കുഞ്ഞിൻെറ അച്ഛനാണു്, അതുകൊണ്ടു് കുഞ്ഞു് അയാളുടേതാണു്.

റോസ-കൊച്ചങ്ങുന്നേ! കൊച്ചങ്ങുന്നു് എന്തു ചെയ്യും?

സീസ്-ഞാനോ? ഞാൻ കുഞ്ഞിനോടുകൂടി പോകും. ഞങ്ങഠം രണ്ടുപേരും ഒന്നിച്ചാണു പോകുന്നതു്. അയാളുടെ വീട്ടിലേക്കു്.

റോസ—ഓ, അങ്ങനെയാണോ? നിങ്ങഠം രണ്ടുപേരും ഒന്നിച്ചോ? അതു കൊള്ളാം. കൊച്ചങ്ങുന്നിനു് പിന്നെ അതിനെ പിരിഞ്ഞിരിക്കേണ്ടിവരുന്നതല്ലല്ലോ. എൻെറ കാര്യമോ, കൊച്ചങ്ങുന്നേ? പാവപ്പെട്ട റോസ എന്തുചെയ്യും?

നേരിട്ടുള്ള ഒരു ഉത്തരം പറയാതെ കഴിക്കുവാനായി അവൻ കുഞ്ഞിനെ എടുത്തു മാറോടു് അണച്ചുകൊ

ണ്ടു് അതിനോടു് അശ്രുനിറഞ്ഞ കണ്ണുകളോടുകൂടി സംസാരിച്ചുതുടങ്ങി— ''സാധു കിഴവി റോസയുടെ കാര്യമോ? നിന്നി? അവളെ നമ്മളോടു കൂടി കൊണ്ടു പോകാമോ? അവളെ വിട്ടുംവച്ചു പോകുന്നതു നന്നല്ല. അതു പാടില്ല. ഇവിടെ ഉള്ളതെല്ലാം സാധു റോസയ്ക്കു കൊടുത്തേക്കാം. നമ്മരം മൂന്നുപേരും ഒന്നിച്ചു വളരെ രമ്യമായി കാലം കഴിച്ചുവന്നു ഇല്ലേ, എൻെറ നിന്നീ? പക്ഷെ, അവർ അതിനു സമ്മതിക്കുന്നില്ല.'

റോസ (കരച്ചിൽ അടക്കിക്കൊണ്ടു്)— കൊള്ളാം കൊച്ചുങ്ങുന്നു് എന്നെപ്പററി വിചാരിച്ചു വ്യസനിക്കേണ്ടാ. എനിക്കു വയസ്സായി. ഞാൻ എങ്ങിനെ തുലഞ്ഞാലും സാരമില്ല. ദൈവം എന്നെ കാത്തുരക്ഷിക്കും. നിങ്ങരം രണ്ടു് ഓമനകളും സുഖമായിരുന്നാൽ മതി. എനിക്കു വല്ലപ്പോഴും നിങ്ങളെ വന്നു കാണാമല്ലൊ. വന്നു കണ്ടുകൂടെ? എൻെറ ഓമനക്കുഞ്ഞിനെ കാണുന്നതിനു് ഞാൻ വരും. അവർ എന്നെ തല്ലിയോടിക്കുകയില്ല, നിശ്ചയം തന്നെ. ഏതായാലും, ഇങ്ങനെ വന്നതു് നന്നായി. ആദ്യത്തെ കുറെ ദിവസം കഴിഞ്ഞാൽ, ഒരു പക്ഷെ, അതു കൊച്ചുങ്ങുന്നിനും ഗുണം വരുത്തിയേക്കാം. അങ്ങിനെയല്ലേ?

സീസ-ആയിരിക്കാം. നീ എല്ലാം വേഗം തയ്യാറാക്കണം, റോസാ. നിന്നിയുടെയും, എൻെറയും, നിൻെറയും സാമാനങ്ങളെല്ലാം എടുത്തു വയ്ക്കണം. ഞങ്ങരം, ഇന്നു സന്ധ്യയ്ക്കു പോകുന്നു. അത്താഴത്തിനു് അവർ കാത്തിരിക്കും. കേരംക്കു്. ഇവിടെയുള്ളതെല്ലാം ഞാൻ നിനക്കു തന്നിരിക്കുന്നു.

റോ—എന്തുപറയുന്നു, കൊച്ചുങ്ങുന്നേ? ഇതു് എന്തൊരു വിചാരമാണു്!

സീസ- എല്ലാം. ഇവിടെയുള്ള എൻെറ പണമെല്ലാം. നിൻെറ സ്നേഹത്തിനു് അതു തന്നാൽ പോരാ.

മതി, മതി, അതിനെപ്പററി ഇനി ഒന്നും പറയേണ്ടാ. നിനക്കു് അതു് അറിയാമല്ലോ. എനിക്കും അതു് അറിയാം. അതുമതി. ഈ മരസാമാനങ്ങളുംകൂടി നീ എടുത്തുകൊള്ളൂ. അവിടെ ചെന്നിട്ടു മറെറാരു വലിയ വീടു് മുഴുവനും വാടകയ്ക്കെടുക്കാം. ഇതിനെ നിനക്കു ബോധിച്ചതുപോലെ ചെയ്യാം. എന്നോടു നന്ദിപറയേണ്ടാ. എല്ലാം ഒരുക്കൂ. എന്നിട്ടു നമുക്കു പോകാം. ആദ്യം നീ പോകണം. നിന്നെ ഇവിടെ തനിച്ചാക്കിയുംവച്ചു് എനിക്കു പോകാൻ പാടില്ല. നാളെ നിനക്കു് എന്നെ വന്നുകാണാം. അപ്പോൾ താക്കോലും മററും നിന്നെ ഏൽപ്പിക്കാം.

റോസ ഉത്തരമൊന്നും പറയാതെ അവൻെറ ആജ്ഞ അനുസരിച്ചു പ്രവർത്തിച്ചു. തൻെറ ഹൃദയം നിറഞ്ഞിരുന്നതിനാൽ താൻ സംസാരിക്കുവാൻ വാ തുറന്നാൽ കരച്ചിലാണു്, വാക്കുകളല്ല, പുറത്തുവരുന്നതെന്നു് അവൾക്കു് അറിയാമായിരുന്നു. തൻെറ ഭാണ്ഡം ഉൾപ്പെടെ അവൾ എല്ലാം കെട്ടിയൊരുക്കി.

റോസ—അതു ഞാൻ ഇവിടെ വച്ചുംവച്ചു പോകട്ടോ? ഞാൻ നാളെ തിരിച്ചു വരുന്നതുകൊണ്ടു്....

സീസ ഓഹോ, ഇങ്ങു് അടുത്തുവന്നു് നിന്നിയെ ഒന്നു് ഉമ്മവയ്ക്കൂ അവനെ ഉമ്മവച്ചു് അവനോടു് യാത്രപറയൂ.

റോസ—കുഞ്ഞിനെയെടുത്തു. അവൻ ഭയത്തോടെ അവളെനോക്കി. ആദ്യം അവൾക്കു് അവനെ ചുംബിക്കുവാൻ സാധിച്ചില്ല. കരഞ്ഞുതീർന്നതിനു ശേഷമേ അവൾ അങ്ങനെ ചെയ്തുള്ളു. അവൾ അപ്പോൾ ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു! 'കരയുന്നതു മണ്ടത്തമാണു്. നാളെ ഞാൻ വരുമല്ലോ. ഇതാ, കുഞ്ഞിനെ എടുക്കണം. കൊച്ചുണ്ണിനിനെയും ഒന്നു് ഉമ്മവയ്ക്കട്ടെ. നാളെ കാണാം.'

കൈലേസ് എടുത്തു കരച്ചിൽ അടക്കിക്കൊണ്ടു് റോസ തിരിഞ്ഞുനോക്കാതെ അവിടെനിന്നു പോവുകയും ചെയ്തു.

ഉടനെ തന്നെ സീസറിനോ പടിവാതിൽ അടച്ചു. പൊങ്ങിലജ്ജവായി നിന്നിരുന്ന തന്റെ തലമുടി ഒതുക്കിയിട്ടു് അവൻ നിന്നിയെ എടുത്തു തന്റെ ശയ്യയിൽ കൊണ്ടുവന്നു കിടത്തി. കുഞ്ഞു് അവടെ അനങ്ങാതെ കിടക്കുന്നതിനായി അവൻ ഒരു വെള്ളിവാച്ചെടുത്തു് അതിന്റെ കൈയിൽ കൊടുത്തു. ഒരു തുണ്ടു പേപ്പർ എടുത്തു് അവൻ വേഗത്തിൽ അതിൽ കുറെ വരികറം എഴുതി. ആ വീട്ടിലുള്ളവയെല്ലാം താൻ റോസയ്ക്കു് ഇഷ്ടദാനമായി കൊടുത്തിരിക്കുന്നു എന്നാണു് അവൻ അതിൽ എഴുതിയതു്. അനന്തരം അവൻ അടുക്കളയിൽ ചെന്നു് ഒരു പാത്രത്തിൽ കുറെ കരിക്കട്ട എടുത്തിട്ടു കത്തിച്ചു് അതിനെ ആ ശയനമുറിയിൽ കൊണ്ടുവന്നു വച്ചു. പിന്നീടു് ആ മുറിയുടെ സകല ജനലുകളും വാതിലും അവൻ അടച്ചു. ആ മുറിയിലുള്ള ദിവ്യമാതാവിന്റെ ഒരു പ്രതിമയുടെ മുമ്പിൽ റോസ എന്നും കത്തിച്ചുവയ്ക്കാറുള്ള ഒരു വിളക്കിന്റെ പ്രകാശത്തിൽ അവൻ ശയ്യയിൽ കയറി, നിന്നിയുടെ സമീപത്തു കിടന്നു. ആ കുഞ്ഞു് പതിവുപോലെ വാച്ചു് ഇട്ടുകളഞ്ഞതിനു ശേഷം, സഹോദരന്റെ കണ്ണാടി മൂക്കിൽനിന്നു വലിച്ചെടുക്കുവാൻ കരമുയർത്തി. ഇത്തവണ, അതെടുക്കുന്നതിനു് സീസറിനോ അനുവദിച്ചു. അവൻ കണ്ണടച്ചു കുഞ്ഞിനെ മാറോടണച്ചുകൊണ്ടു് ഇങ്ങനെ പറയുകയും ചെയ്തു. ''മിണ്ടാതിരിക്കൂ്. ഓമന നിന്നി, മിണ്ടാതിരിക്കൂ്. നമുക്കു് എന്നേക്കും, എന്റെ തങ്കം, നമുക്കു് എന്നേക്കും ഉറങ്ങാം.''

★

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

MF5

Cl. No. BAL-O Acc. No. 52007

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

MF5 ACC No - 52007
BAL-O

ബാലകൃഷ്ണപിള്ള. എ
- ഭാവനകൾ.